# വൃത്താന്തം

ഏപ്രിൽ 2022 യുഗാബ്ദം 5124 പുസ്തകം: 6 ലക്കം: 4





## സുഭാഷിതം

**അവശേന്ദ്രിയ ചിത്താനാം**
**ഹസ്തിസ്നാനമിവക്രിയാ**
**ദുർഭഗാഭരണപ്രായോ**
**ജ്ഞാനംഭാരഃ ക്രിയാംവിനാ**

ഇന്ദ്രിയങ്ങളെയും മനസ്സിനെയും വശത്താക്കാത്തവന്റെ കർമം ആനയുടെ കുളിപോലെയാണ്. പ്രവൃത്തി കൂടാത്ത അറിവ് വിരൂപയുടെ ആഭരണംപോലെ ഭാരം മാത്രമാണ്.

## അമൃതവചനം

### സ്വാമി വിവേകാനന്ദൻ പറഞ്ഞു

സഹിഷ്ണുതയുടെ ആശയങ്ങൾ ആദ്യമായി പ്രചരിപ്പിച്ചത് ഇവിടെയാണ്, ഇവിടെ മാത്രമാണ്. അതേപോലെ ഇവിടെ ഒരിടത്ത് മാത്രമാണ് സഹിഷ്ണുതയും സഹാനുഭൂതിയും പ്രായോഗികമാക്കിയത്. മറ്റുദേശങ്ങളിൽ അവ സൈദ്ധാന്തികം മാത്രമാണ്. ഇവിടെ ഒരിടത്ത് മാത്രമാണ് മുസ്ലിങ്ങൾക്ക് മസ്ജിദും ക്രിസ്ത്യാനികൾക്ക് പള്ളികളും ഹിന്ദുക്കൾ നിർമിച്ചു നൽകിയത്.

## ബോധകഥ

# നിലപാടും കാഴ്ചപ്പാടും

**ഒ**രു പ്രഭു അദൃശ്യമായ ഒരു രത്നം പതിപ്പിച്ച ഒരു കല്ല് തന്റെ ഭൃത്യന്റെ കയ്യിൽ വിൽക്കുവാൻ കൊടുത്തയച്ചു. ആദ്യം സമീപിച്ച കടക്കാരൻ അതിനു പത്തുകിലോ പച്ചക്കറിയുടെ വില തരാമെന്നു പറഞ്ഞു. പ്രഭുവിന്റെ പക്കൽ തിരിച്ചെത്തി വിവരം ധരിപ്പിച്ചപ്പോൾ അതുമായി ഒരു തുണിക്കടയിൽ പോകാൻ പറഞ്ഞു. തുണിക്കടക്കാരൻ അതിനു പത്തു പട്ടുതുണിയുടെ വിലയിട്ടു.

തിരിച്ചുവന്നു പ്രഭുവിനെ കാര്യം ധരിപ്പിച്ചപ്പോൾ അതുമായി ഒരു സ്വർണ്ണക്കടയിൽപോകാൻ പറഞ്ഞു. അവിടെ അതിനു പത്തു പവൻ വിലയിട്ടു. അപ്പോഴേയ്ക്കും നിരന്തരശ്രദ്ധ കൊണ്ട് ഭൃത്യന് അതിന്റെ വിലയെക്കുറിച്ച് ധാരണ വന്നുതുടങ്ങിയിരുന്നു. ആ വില മതിയാവില്ലെന്നുകണ്ട ഭൃത്യന് അതിന്റെ വിലയെക്കുറിച്ച് ധാരണ വന്നുതുടങ്ങിയിരുന്നു. ആ വില മതിയാവില്ലെന്നുകണ്ട ഭൃത്യൻ സ്വയം അതുമായി ഒരു രത്നവ്യാപാരിയുടെ അടുത്തെത്തി. അദ്ദേഹം അതിനു പത്തുലക്ഷം രൂപ കൊടുക്കാമെന്നു പറഞ്ഞു. ഭൃത്യൻ കച്ചവടം നടത്തിയതിനു ശേഷം തിരിച്ചു പോയി. ഒരോരുത്തരും അവരവരുടെ നിലയിൽ നിന്നുകൊണ്ടാണ് ഓരോന്നിനും വില കണക്കാക്കുന്നത്.

മുഖപ്രസംഗം

# ഭാഷ സംസ്കാരമാണ്




**ഭാ**ഷാഭിമാനം പ്രാദേശികവാദത്തിന് വഴിതുറക്കുന്ന സാഹചര്യങ്ങൾ മുമ്പുമുണ്ടായിട്ടുണ്ട്. ഹിന്ദി അടിച്ചേല്പിക്കുന്നു എന്ന മുറവിളി അതിന്റെ ഭാഗമായി ഉയർന്നതാണ്. ഭാഷ യഥാർത്ഥത്തിൽ അക്ഷരങ്ങൾ ഒത്തുചേർന്ന് വാക്കും വാചകവുമാവുന്നതിൽ നിന്ന് ആരംഭിക്കുന്നതല്ല. അതിന് ജൈവമായ ആധാരമുണ്ട്. ഏതുതരത്തിലുള്ള ഹൃദയ സംവാദവും ഭാഷയാണ്. അതിന് ഭാഷ തന്നെ വേണമെന്നില്ല. കണ്ണ് കൊണ്ട് കഥ പറയുന്നത്, ആംഗ്യത്തിലൂടെ ആശയവിനിമയം നടത്തുന്നത്... ഒക്കെ ഭാഷയുടെ നിർവചനത്തിൽപ്പെടും. യഥാർത്ഥത്തിൽ സംസ്കാരത്തിന്റെ പ്രതിഫലനമാണ് ഭാഷ. ലോകത്ത് രൂപം കൊണ്ട പല ഭാഷകളും ഇല്ലാതായിട്ടുണ്ട്. അതിന് കാരണം ആ ഭാഷകൾ സംസാരിക്കുന്ന സമൂഹം ഇല്ലാതായതാണ്. സമൂഹം ഇല്ലാതാവുക എന്നാൽ എല്ലാവരും മരിച്ചുപോവുക എന്നല്ല. സമൂഹം മറ്റൊരു സമൂഹമായോ മറ്റൊരു ജീവിതമായോ മാറ്റപ്പെടുക എന്നതാണ്. അത്തരത്തിൽ സ്വന്തം ജീവിതത്തിൽ ബലാത്കാരമായോ അല്ലാതെയോ മാറ്റപ്പെട്ട സമൂഹങ്ങൾ ഇല്ലാതാവുകയും അവരുടെ ഭാഷ മരിച്ചുപോവുകയും ചെയ്യുന്നു എന്നതാണ് വസ്തുത.

ഭാഷയുടെ മേലുള്ള കടന്നുകയറ്റം അതുകൊണ്ടാണ് ഒരു സാംസ്കാരിക പ്രശ്നമാവുന്നത്. അധിനവേശ ശക്തികൾ ഭാഷയ്ക്കും ഗ്രന്ഥങ്ങൾക്കും നേരെ നടത്തിയ ഉന്മൂലനനീക്കങ്ങളുടെ കാതൽ അതാണ്. സംസ്കൃതം സംസാരിക്കുന്ന ജനങ്ങളുടെ എണ്ണം കുറഞ്ഞുവെങ്കിലം സംസ്കൃതം ഉയർത്തുന്ന സംസ്കാരം സാമൂഹികജീവിതത്തിൽ പ്രബലമാണ്. സംസ്കൃതത്തിൽ നിന്ന് ഉടലെടുത്തതും അതേ സംസ്കാരത്തെ ഉൾക്കൊള്ളുന്നതുമായ അനേകം ഭാഷകൾ പിറന്ന നാടാണ് ഭാരതം. അവയൊന്നും പ്രാദേശിക ഭാഷകളല്ല. രാഷ്ട്രഭാഷകൾ തന്നെയാണ്. മാതൃഭാഷകൾ എന്ന പദം കൊണ്ട് ഈ ഭാഷകളെ നമുക്ക് അടയാളപ്പെടുത്താം. മാതാവിന്റെ ഭാഷ എന്നല്ല മാതാവ് തന്നെയായ ഭാഷ എന്നാണ് അതിന് അർത്ഥം.

മാതൃഭാഷയിൽ ജീവിക്കുക എന്നത് നമ്മുടെയാകെ സമൂഹത്തിന്റെ നിലനില്പിന് അനിവാര്യമാണ്. ഇത്രയധികം മാതൃഭാഷകളുള്ള നമ്മുടെ രാഷ്ട്രത്തിൽ പരസ്പരമുള്ള ആശയവിനിമയത്തിന് ഒരു പൊതുഭാഷ സ്വീകരിക്കേണ്ടിവരുമല്ലോ. അത്തരത്തിൽ ഒരു പൊതുഭാഷയെ തെരഞ്ഞെടുക്കേണ്ടിവരുമ്പോൾ നല്ലത് ഭാരതീയമായ ഒരു ഭാഷയെ തെരഞ്ഞെടുക്കുന്നതാവും. സംസ്കൃതം അല്ലെങ്കിൽ ഹിന്ദി എന്ന ബിന്ദുവിലേക്ക് ആ അന്വേഷണം എത്തുന്നത് അങ്ങനെയാണ്. അതിനുപകരം ഇംഗ്ലീഷ് പോലെ ഒരു വൈദേശിക ഭാഷ ആകാമെന്ന ചിന്ത അപകടകരമാണ്. നേരത്തെ ചൂണ്ടിക്കാട്ടിയതു പോലെ സംസ്കാരത്തിന്റെയും ഭാഷയുടെയും ജീവിതത്തിന് ഭീഷണിയുമാണ്.

# ശകവർഷം ചാന്ദ്രം



മേഷഗരവി സംക്രാന്തി:ശശിമാ
ന്ധോ ഭവതി യത്ര ചൈത്രോ സൗ
ഏവം വൈശാഖാദ്യാ വൃഷാദി സം
ക്രാന്തി യോഗേന.
ആരംഭോ മീനഗേയസ്യ സമാപ്
തിർ സ ചാന്ദ്രശ്ചൈ ത്ര ഇത്യേവം
വൈശാഖാദ്യാ അപി ക്രമാത്.
വെളുത്തവാവിന്റെ അന്ത്യം ചിത്തി
രയിലോ ചോതിയിലോ വരുന്ന മാ
സം ചൈത്രം വിശാകത്തിലോ അ
നിഴത്തിലോ വരുന്നത്/
വൈശാഖം.
കേട്ടയിലോ മൂലത്തിലോ /ജ്യേഷ്ഠം
പൂരാടം, ഉത്രാടം /ആഷാഢം
തിരുവോണം അവിട്ടം /ശ്രാവണം
ചതയം, പൂരുരൂട്ടാതി, ഉതൃട്ടാതി /പ്രോഷ്ഠപദം
രേവതി, അശ്വതി /ആശ്വിനം
കാർത്തിക, രോഹിണി /കാർത്തികം
മകയിരം, തിരുവാതിര /മാർഗ്ഗശീർഷം
പുണർതം, പൂയം /പൗഷം
ആയില്യം മകം /മാഘം
പൂരം, ഉത്രം, അത്തം /ഫാൽഗുണം
കലിയുഗാരംഭം ബിസി 3102 ഫെബ്രുവരി 18
വെള്ളി.
ബിസി 3102+ എഡി 2022= 5124.
ശകവർഷം- സൗരം (സോളാർ)
മേഷാദി വർഷാരംഭം 5124.

## വിഷു

മേടവിഷു Venal equinox.

തുലാവിഷു Autumnal equinox.

രാവും പകലും തുല്യമാവുന്നത്-

celestial equator- വിഷുപദ്‌വൃത്തം (ഖഗോളമദ്ധ്യരേഖ).

Ecliptic- ക്രാന്തിവൃത്തം-

ഭൂമിയുടെ മുകളിൽ ആകാശത്ത് ഖഗോള മദ്ധ്യരേഖ

ലോകത്തെ തുല്യമായി രണ്ട് ഭാഗമാക്കുന്നു. ഈ വൃത്തത്തിൽനിന്ന് 23 1/2 $^0$ ചരിഞ്ഞ് മറ്റൊരു വൃത്തം സങ്കൽപിക്കുന്നു. സൂര്യൻ സഞ്ചരിക്കുന്നുവെന്ന് തോന്നുന്ന (സാങ്കൽപികം) വൃത്തമാണ് ക്രാന്തിവൃത്തം. ഈ സഞ്ചാരത്തിനിടയിൽ ഈ രണ്ട് വൃത്തങ്ങൾ രണ്ടിടത്ത് സംഗമിക്കും.

മാർച്ച് 21 ന് സൂര്യൻ ഈ കട്ടിംഗ് വൃത്തത്തിൽ വരും. പോയിന്റ്- വിഷു- തുല്യം രാവും പകലും. മാർച്ച് 21 ന് വിഷു എന്ന് പറയുന്നു. ഇത് മേടവിഷു. പിന്നീട് സഞ്ചരിച്ച് താഴെവച്ച് യോജിക്കും. ഇത് തുലാവിഷു. (ആട്ടനേരം equinox) എന്ന് പറയും. ലോകത്ത് മുഴുവൻ രാത്രി പകൽ തുല്യം (സെപ്തം. 22). വിഷു എന്നാൽ തുല്യം.

രാശി മാറുമ്പോൾ നക്ഷത്രം മാറുന്നു. കൃത്രികാദി- അത് മേഷാദി കാർത്തികയിൽ ആയിരുന്നു.

അശ്വിനാദി

1800 വർഷം വലതിലേക്ക്

പിന്നെ 1800 ഇടതിലേക്ക്

ലഗ് കാർത്തികയിൽനിന്ന സൂര്യൻ ഉതൃട്ടാതി നക്ഷത്രത്തിൽ എത്തി. ഒരു നക്ഷത്രം 13 $^0$20 മിനിറ്റ്.

2022 ൽ ഈ കാലത്ത് 24$^0$ വ്യത്യാസത്തിൽ വേഷാദി നൽകും. അവിടുന്ന് 24$^0$ പോയാൽ ആഗതി വരും.

(ഉതൃട്ടാതി, രേവതി, അശ്വതി)

സൂര്യൻ ഒരു ദിനം 1$^0$ സഞ്ചരിക്കും.

മാർച്ച് 21 മുതൽ 24 ദിനം കഴിയുമ്പോൾ ഏപ്രിൽ 14 വിഷു.

ഏപ്രിൽ 14- സൂര്യൻ മീനത്തിൽനിന്ന് മീനത്തിലേക്ക് കയറുന്നു. (രാവിലെ 8 മണി 41 മിനിറ്റിന്).

മിനകണി

അടുത്ത ദിനം രാവിലെ സൂര്യോദയത്തിന് മുൻപായി മേടവിഷുക്കണി ദർശനം. ആയതിനാൽ ഈവർഷം മേടം 2 ഏപ്രിൽ 15.

## ഏപ്രിൽ 14 അംബേദ്കർ ജയന്തി

# അംബേദ്കറെ അടുത്തറിയുമ്പോൾ

സ്വാമി വിവേകാനന്ദൻ, ഗാന്ധിജി, രവീന്ദ്രനാഥ ടാഗോർ എന്നിങ്ങനെയുള്ള നവോത്ഥാനനായകരെയും ദേശീയ നേതാക്കളെപ്പോലെയും ബി.ആർ.അംബേദ്കറും കേരളം സന്ദർശിക്കുകയുണ്ടായിട്ടുണ്ട്. 1950 കളിലായിരുന്നു ഇത്. എന്നാൽ മറ്റുള്ളവരുടെ കാര്യത്തിലെന്നപോലെ അംബേദ്കറുടെ കേരള സന്ദർശനം അക്കാലത്തും പിൽക്കാലത്തും വലിയ ചർച്ചാ വിഷയമായില്ല. അംബേദ്കറുടെ സമ്പൂർണ കൃതികളുടെ മലയാള പരിഭാഷ ലഭ്യമാണെങ്കിലും, അംബേദ്കറൈറ്റുകൾ എന്നറിയപ്പെടുന്ന ചില വ്യക്തികളും സംഘടനകളും കേരളത്തിൽ സജീവമാണെങ്കിലും അംബേദ്കറുടെ മൗലികമായ ആശയങ്ങളും കാഴ്ചപ്പാടുകളും ഇവിടെ അത്ര സുപരിചിതമല്ല. ഇതിനാൽ അംബേദ്കറുടെതെന്ന പേരിൽ കടകവിരുദ്ധമായ  ചില ആശയങ്ങളും ദളിത്-മുസ്ലിം സഖ്യം പോലുള്ള രാഷ്ട്രീയ പദ്ധതികളും കേരളത്തിൽ സ്ഥാപിത താൽപ്പര്യക്കാർ വൻതോതിൽ പ്രചരിപ്പിച്ചു വരികയാണ്. സംസ്കൃത ഭാഷയോടുള്ള അംബേദ്കറുടെ ആഭിമുഖ്യത്തെക്കുറിച്ചും, കാവി പതാകയോടുള്ള പ്രതിബദ്ധതയെക്കുറിച്ചുമൊക്കെ ആരെങ്കിലും പറഞ്ഞാൽ അവിശ്വാസത്തോടെയാണ് പലരും അതിനെ കാണുക. എന്തിനേറെ ഭീംറാവു റാംജി അംബേദ്കർ എന്നാണ് അംബേദ്കറുടെ മുഴുവൻ പേര് എന്ന വിവരം പോലും കേരളത്തിൽ വിവാദമാക്കി മാറ്റുന്നു. അംബേദ്കറുടെ അച്ഛന്റെ പേരായിരുന്നു റാംജി എന്നതുപോലും അറിയാത്ത മലയാളികളുണ്ട്.

ചരിത്രപണ്ഡിതൻ, ധനതത്വശാസ്ത്രജ്ഞൻ, സാമൂഹ്യ പരിഷ്കർത്താവ്, സ്വാതന്ത്ര്യസമര നായകൻ, ഭരണാധികാരി, നിയമജ്ഞൻ എന്നീ നിലകളിലൊക്കെയുള്ള ബി.ആർ. അംബേദ്കറുടെ സംഭാവനകൾ വളരെ വലുതാണ്. ആര്യൻ അധിനിവേശ സിദ്ധാന്തം വെറും കെട്ടുകഥയാണെന്ന് ആധുനിക കാലത്തെ പുരാവസ്തു തെളിവുകളും മറ്റും ലഭിക്കുന്നതിന് പതിറ്റാണ്ടുകൾക്കു മുൻപു തന്നെ അംബേദ്കർ സ്ഥാപിച്ചിട്ടുണ്ട്. അംബേദ്കറുടെ അനുയായികൾ ചമയുന്ന പലരും ഇതിനെക്കുറിച്ച് മൗനം പാലിക്കുകയാണ് പതിവ്. ഗാന്ധിജിയുടെയും ജവഹർലാൽ നെഹ്റുവിന്റെയും ആശയങ്ങളോട് അതിശക്തമായി വിയോജിച്ചിരുന്ന അംബേദ്കർ പക്ഷേ സ്വാതന്ത്ര്യ വീര സവർക്കറുടെ പല ആശയങ്ങളോടും സമ്പൂർണമായി യോജിച്ചിരുന്നു എന്ന കാര്യം കേരളത്തിൽ ഏറെക്കുറെ തമസ്കരിക്കപ്പെട്ടു. ഭാരതത്തിന്റെ ചരിത്രത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അംബേദ്കർ പാക്കിസ്ഥാന്റെ രൂപീകരണം ഉൾപ്പെടെ ആധുനിക കാലത്തെ പ്രശ്നങ്ങളോടും പ്രതിസന്ധികളോടും പ്രതികരിച്ച രീതി പ്രത്യേകം പഠനവിധേയമാക്കേണ്ടതുണ്ട്. മുസ്ലിങ്ങളുടെ വേറിടൽ മനോഭാവത്തെക്കുറിച്ച് ധീരമായി ചിന്തിക്കുകയും വിശദീകരിക്കുകയും ചെയ്ത അംബേദ്കർ, രാഷ്ട്ര വിഭജനത്തെക്കുറിച്ച് നൽകിയ മുന്നറിയിപ്പുകളെല്ലാം ശരിയായി എന്നതാണ് പിന്നീട് കണ്ടത്. ഭരണാധികാരിയെന്ന നിലയ്ക്കുള്ള തന്റെ ആധിപത്യത്തിന് വെല്ലുവിളിയാവുമെന്നു കണ്ട് ജവഹർലാൽ നെഹ്റുവും കോൺഗ്രസ്സും അംബേദ്കറെ അവഗണിച്ചപ്പോൾ, ജാതി ചിന്ത രൂഢമൂലമായിരുന്ന കമ്യൂണിസ്റ്റുകളും അധഃസ്ഥിതരുടെ ഈ നായകനെതിരെ പ്രവർത്തിച്ചു. മുംബൈയിൽനിന്ന് പാർലമെന്റിലേക്ക് മത്സരിച്ച അംബേദ്കറെ തോൽപ്പിക്കാൻ അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടി ശ്രമിച്ചു. ജനസംഘ സ്ഥാപകനായ ഡോ. ശ്യാമപ്രസാദ് മുഖർജിയെപ്പോലുള്ളവരാണ് ഈയവസരത്തിൽ അംബേദ്കറുടെ സഹായത്തിനെത്തിയത്. ഒരു ഘട്ടത്തിൽ ഭാരതീയ ജനസംഘത്തിന്റെ അധ്യക്ഷനായി അംബ്ദേകറുടെ പേര് പരിഗണിക്കപ്പെട്ടുവെന്ന് ബിജെപി നേതാവ് വി.കെ. മൽഹോത്ര വെളിപ്പെടുത്തിയിട്ടുണ്ട്.

ഗാന്ധിജിയുടെ നേതൃത്വത്തിൽ നടത്തിയ ഖിലാഫത്ത് പ്രക്ഷോഭത്തെക്കുറിച്ചും മാപ്പിള ലഹളയെക്കുറിച്ചുമുള്ള അംബ്ദേകറുടെ കാഴ്ചപ്പാടുകൾ വ്യത്യസ്തമായിരുന്നു. ഹിന്ദു-മുസ്ലിം ഐക്യം എന്നത് ഒരു ദിവാസ്വപ്നം മാത്രമാണെന്ന് തുറന്നടിക്കുകയും, മാപ്പിള ലഹളയുടെ ഭീകരാവസ്ഥയെക്കുറിച്ചുള്ള സത്യങ്ങൾ വിളിച്ചു പറയുകയും ചെയ്ത നേതാവാണ് അംബേദ്കർ. സമകാലികരായ ദേശീയ നേതാക്കളിൽനിന്ന് വ്യത്യസ്തമായി രാഷ്ട്രവിഭജനം വേണമെന്ന അഭിപ്രായക്കാരനായിരുന്നു അംബേദ്കർ. ഒരു വിഭാഗം മുസ്ലിങ്ങൾക്കായി പാക്കിസ്ഥാൻ അനുവദിക്കുകയും, അവശേഷിക്കുന്ന മുസ്ലിങ്ങളെ ഭാരതത്തിൽ തുടരാൻ അനുവദിക്കുന്നതും അപകടകരമായിരിക്കുമെന്ന് അംബേദ്കർ പറഞ്ഞു. മുസ്ലിങ്ങളെയും ഹിന്ദുക്കളെയും യഥാക്രമം അങ്ങോട്ടുമിങ്ങോട്ടുമായി പൂർണ തോതിൽ കൈമാറ്റം ചെയ്യുകയാണു വേണ്ടതെന്നും, അല്ലാത്തപക്ഷം ശാശ്വതമായ സമാധാനം സാധ്യമല്ലെന്നും അംബേദ്കർ



നിലപാടെടുത്തു. കൊട്ടിഘോഷിക്കപ്പെടുന്ന ഇസ്ലാമിക സാഹോദര്യം സങ്കുചിതമാണെന്നും, സ്വന്തം മതത്തിന്റെ പരിധിയിൽ ഒതുങ്ങിനിൽക്കുന്നതാണ് അതെന്നുമുള്ള വ്യക്തമായ കാഴ്ചപ്പാടാണ് അംബേദ്കർക്ക് ഉണ്ടായിരുന്നത്. പർദ്ദയും ബുർക്കയുമൊക്കെ മുസ്ലിം സ്ത്രീകളുടെ പുരോഗതിയെ തടഞ്ഞ് അവരെ മതപരമായ അടിമത്വത്തിൽ തളച്ചിടുമെന്നും അംബേദ്കർ പറഞ്ഞു. പാക്കിസ്ഥാൻ ഓർ പാർട്ടീഷൻ ഓഫ് ഇന്ത്യ എന്ന പുസ്തകത്തിൽ അംബേദ്കർ പ്രകടിപ്പിക്കുന്ന ഇത്തരം ആശയങ്ങളെല്ലാം മറച്ചുപിടിച്ചുകൊണ്ടാണ് ദളിത്-മുസ്ലിം ഐക്യം പോലുള്ള സഖ്യത്തെക്കുറിച്ച് ചിലർ വാചാലരാവുന്നത്.

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ ആശയങ്ങളെ ശരിയായി പരിചയപ്പെടുകയും, മഹാരാഷ്ട്രയിലെ സംഘപ്രവർത്തകരുമായി ആത്മബന്ധം പുലർത്തുകയും സംഘത്തിന്റെ പ്രവർത്തനങ്ങളെ താൽപ്പര്യപൂർവം നോക്കിക്കാണുകയും ചെയ്ത നേതാവായിരുന്നു അംബ്ദേകർ. മലയാളികളിൽ പലർക്കും ഇത് പുതിയ അറിവായിരിക്കും. ഇസ്ലാംമതം സ്വീകരിക്കാനും, ക്രൈസ്തവ മതം സ്വീകരിക്കാനും അംബേദ്കർക്കു മേൽ കനത്ത സമ്മർദ്ദമുണ്ടായിരുന്നു. വലിയ പാരിതോഷികങ്ങളും പ്രഖ്യാപിക്കപ്പെട്ടു. എന്നാൽ ഇതിനു കീഴടങ്ങാതെ ബുദ്ധമതം സ്വീകരിക്കുകയാണ് അംബേദ്കർ ചെയ്തത്. ഹിന്ദുധർമത്തിൽപ്പെടുന്ന മതമായതിനാലാണ് ഇത്. ഭാരതത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിലും ദേശീയതലത്തിലും അടിയുറച്ചു വിശ്വസിച്ചിരുന്ന മഹാനായിരുന്നു അംബേദ്കർ. ഹിന്ദുധർമത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യപ്പെടണമെന്നായിരുന്നു ആഗ്രഹിച്ചത്. അംബേദ്കറുടെ ചിന്തകളെ സമഗ്രമായി പരിചയപ്പെടുന്നവർക്ക് ഈ കാര്യങ്ങളൊക്കെ മനസ്സിലാവും.

**മുരളി പാറപ്പുറം**

# ഇഷാൻ മന്ഥന് തിരി തെളിഞ്ഞു

**കേ**ന്ദ്ര കലാസാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന വടക്ക് കിഴക്കൻ സംസ്ഥാനങ്ങളുടെ കാലാസാംസ്കാരിക സമ്മേളനം ആയ 'ഇഷാൻ മന്ഥന്' ഡൽഹിയിൽ തിരി തെളിഞ്ഞു.

വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ളവർ അവതരിപ്പിക്കുന്ന തനത് കലാരൂപങ്ങൾ ആണ് സമ്മേളനത്തിലെ മുഖ്യ ആകർഷണം. 3 ദിവസങ്ങളിൽ ആയി നടക്കുന്ന കലാസാംസ്കാരിക സമ്മേളനം കേന്ദ്രമന്ത്രി ശ്രീ കിഷൻ റെഡ്ഢി ഉൽഘാടനം ചെയ്തു.

പ്രജ്ഞ പ്രവാഹ് ദേശീയ സംയോജക് ശ്രീ ജെ നന്ദകുമാർ മുഖ്യ പ്രഭാഷണം നടത്തി. ഡൽഹി ജെ എൻ യു വൈസ് ചാൻസിലർ ശ്രീമതി ശാന്തിശ്രീ പണ്ഡിറ്റ് ആശംസകൾ നേർന്നു സംസാരിച്ചു.



# ഭാസ്ക്കർ റാവു മെഡിക്കൽ സെന്റർ പ്രവർത്തനം ആരംഭിച്ചു

**സ്വാ**മി വിവേകാനന്ദ മെഡിക്കൽ മിഷൻ ഇടുക്കി ജില്ലയിലെ വട്ടവടയിൽ 'ഭാസ്ക്കർ റാവു മെഡിക്കൽ സെന്റർ പ്രവർത്തനം ആരംഭിച്ചു. ഒ.പി.യും ഡേ കെയർ സംവിധാനവും ഉള്ള ആരോഗ്യ കേന്ദ്രമാണ് വട്ടവട പഞ്ചായത്തിലെ കോവിലൂരിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. മാർച്ച് 23ന് ആർ എസ് എസ് മുൻ അഖില ഭാരതീയ കാര്യകാരി സദസ്യൻ ശ്രീ എസ് സേതുമാധവൻ ഉദ്ഘാടന കർമ്മം നിർവഹിച്ചു.

കോവിലൂരിൽ ആരംഭിക്കുന്ന ആരോഗ്യ കേന്ദ്രത്തിൽ വനവാസി രോഗികൾക്ക് സൗജന്യമായും ഇതര വിഭാഗത്തിൽപ്പെട്ടവർക്ക് മിതമായ നിരക്കിലും ചികിത്സയും മരുന്നും ലഭ്യമാകും. എല്ലാ ദിവസവും നടക്കുന്ന ഒ.പി കൂടാതെ നിശ്ചിത ദിവസങ്ങളിൽ മറ്റു വിദഗ്ദ്ധ ഡോക്ടർമാരുടെ പരിശോധനയും ആരോഗ്യ കേന്ദ്രത്തിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതോടൊപ്പം വനവാസികൾ താമസിക്കുന്ന കുടികൾ കേന്ദ്രീകരിച്ച് പല ആരോഗ്യ പദ്ധതികളും ത്വരിതഗതിയിൽ നടപ്പിലാക്കും. ലാബ് അടക്കമുള്ള അത്യാധുനിക സംവിധാനങ്ങളും ഉടൻ തന്നെ ആരംഭിക്കുന്നതാണ്.

നിലവിൽ വട്ടവട ഗ്രാമ പഞ്ചായത്ത് നിവാസികൾക്ക് മികച്ച ചികിത്സക്കായി 45 കിലോമീറ്റർ ദൂരം അകലെയുള്ള മൂന്നാർ ആണ് ആശ്രയം. അത്യാവശ്യ ഘട്ടത്തിൽ കൊടും വനത്തിലൂടെ വന്യമൃഗ ഭീഷണിയും മറികടന്ന് രാത്രി സമയങ്ങളിൽ മൂന്നാർ എത്തുക എന്നത് ദുരിതമാണ്.

എറണാകുളം ശ്രീരാമ കൃഷ്ണ മഠം അദ്ധ്യക്ഷൻ സ്വാമി ഭുവനാത്മാന്ദ അനുഗ്രഹ പ്രഭാഷണം നടത്തി. വട്ടവട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഗണപതിയമ്മാൾ അദ്ധ്യക്ഷയായി. വട്ടവട പഞ്ചായത്ത് വൈസ് പ്രസിഡൻറ് വേലായുധൻ, പഞ്ചായത്തംഗങ്ങളായ കുപ്പു സ്വാമി, മനോഹർ, ദേശീയ സേവാ ഭാരതി ജനറൽ സെക്രട്ടറി ഡി.വിജയൻ, വനവാസി കല്യാൺ ആശ്രമം ദക്ഷിണ മേഖല ഓർഗനൈസിംഗ് സെക്രട്ടറി എസ് എസ് രാജ്, സ്വാമി വിവേകാനന്ദ മെഡിക്കൽ മിഷൻ പ്രസിഡന്റ് വി.പി.എസ്.മേനോൻ , ഡോ.വി.നാരായണൻ എന്നിവർ സംസാരിച്ചു.

# മൻ കീ ബാത്



പന്ത്രണ്ടാം വയസ്സിൽ അക്കോൺകാഗ്വ കൊടുമുടി കീഴടക്കിയ കാമ്യ കാർത്തികേയന്റെ നേട്ടത്തിന്റെ പ്രചോദനാത്മകമായ കഥ പ്രധാനമന്ത്രി പങ്കുവെച്ചത് മൻ കി ബാത്തിന്റെ രണ്ടാം സീസണിൽ ഒൻപതാം അധ്യായത്തിലാണ്.

## കാമ്യയും ഭാഗീരഥിയമ്മയും

തെക്കേ അമേരിക്കയിലെ ആൻഡീസ് പർവതനിരകളിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയാണ് അക്കോൺകാഗ്വ. ഏകദേശം 7,000 മീറ്റർ ഉയരമുണ്ട്, അദ്ദേഹം കൂട്ടിച്ചേർത്തു. 2021ൽ പ്രധാനമന്ത്രിയുടെതന്നെ രാഷ്ട്രീയ ബാല പുരസ്കാരത്തിന് അർഹയായിട്ടുണ്ട് കാമ്യ. മുംബൈയിൽ താമസിക്കുന്ന പാലക്കാട്ടുകാരൻ നേവൽ കമാൻഡർ എസ്. കാർത്തികേയന്റെയും ചെന്നൈ സ്വദേശി ലാവണ്യയുടെയും മകളാണ് ഈ മിടുക്കി.



**കാമ്യ കാർത്തികേയൻ**

രാജ്യത്തിന്റെ യശസ്സാണ് തെക്കേ അമേരിക്കയിലെ കൊടുമുടി മുകളിൽ അവൾ പാറിപ്പറപ്പിച്ചത്. അതിസാഹസികതയുടെ ആ അധ്യായം പൂർത്തിയാക്കിയപ്പോൾ കാമ്യ ദേശീയപതാക ഉയർത്തി. വ്യക്തിപരമായിരുന്നു അവളുടെ നേട്ടം. എന്നാൽ ആ നേട്ടം നേടിക്കഴിഞ്ഞപ്പോൾ കാമ്യ അത് സമർപ്പിച്ചത് രാഷ്ട്രത്തിനായിരുന്നു. മലകയറ്റം എന്നത് ഹരമായ കാമ്യ ഭാരതം മുന്നോട്ടുവയ്ക്കുന്ന സാഹസ ദൗത്യങ്ങളുടെ സന്ദേശവാഹകയാണ്. എല്ലാ പ്രായത്തിലുമുള്ള സ്ത്രീസമൂഹത്തിന് കാമ്യ കാർത്തികേയനിൽ നിന്ന് ഏറെ പഠിക്കാനുണ്ട്. അത് നേട്ടങ്ങളിലേക്ക് കുതിക്കുക എന്നത് മാത്രമല്ല, മറിച്ച് നേട്ടങ്ങളെ സമൂഹത്തിന് സമർപ്പിക്കുന്നതിൽ ആനന്ദം കണ്ടെത്തുക എന്നതു കൂടിയാണ്.



**എസ്. ഭാഗീരഥിയമ്മ**

എല്ലാ ഭൂഖണ്ഡങ്ങളിലെയും ഏറ്റവും ഉയർന്ന കൊടുമുടികൾ കീഴടക്കാനാണ് കാമ്യയുടെ പരിശ്രമം. ഉയരമുള്ള കൊടുമുടികൾ മാത്രമല്ല, ലോകരാജ്യങ്ങളുടെ ഔദ്ധത്യമുള്ള മനസ്സുകൾ കൂടി കീഴ്പ്പെടുത്താൻ നമുക്കാകണമെന്ന് പ്രധാനമന്ത്രി ഓർമ്മിപ്പിച്ചു.

പന്ത്രണ്ടുകാരി കാമ്യ കാർത്തികേയന്റെ സാഹസദൗത്യത്തിൽ നിന്ന് ഒട്ടും കുറവല്ല 105 വയസ്സുള്ള എസ്. ഭാഗീരഥിയമ്മയുടെ പരീക്ഷാ വിജയമെന്ന് പ്രധാനമന്ത്രി ഓർമ്മിപ്പിച്ചു.

കൊല്ലത്തുകാരിയാണ് ഭാഗീരഥിയമ്മ. വയസ്സ് നൂറ് കഴിഞ്ഞപ്പോൾ അക്ഷരം പഠിക്കുകയും 105 ആയപ്പോൾ നാലാം തരം തുല്യതാ പരീക്ഷ 75 ശതമാനം മാർക്കോടെ വിജയിക്കുകയും ചെയ്ത ഭാഗീരഥിയമ്മയെ രാഷ്ട്രം പിന്നീട് നാരീശക്തി പുരസ്കാരം നല്കിയാണ് ആദരിച്ചത്.

# സമൂഹത്തെ സുരക്ഷിതമാക്കുക: മോഹൻ ഭാഗവത്

സമൂഹത്തെ സുരക്ഷിതമാക്കുകയാണ് നാം ആദ്യം ചെയ്യേണ്ടതെന്ന് രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ സർസംഘചാലക് മോഹൻ ഭാഗവത് പറഞ്ഞു. സമൂഹം സുരക്ഷിതമല്ലെങ്കിൽ കുടുംബമോ വ്യക്തിയോ സുരക്ഷിതരായിരിക്കില്ല. കുടുംബവും വ്യക്തിയും എല്ലാം സമൂഹത്തിന്റെ യൂണിറ്റുകളാണ്. കശ്മീരി പണ്ഡിറ്റുകൾ സമൂഹത്തെ സുരക്ഷിതമാക്കിയിരുന്നെങ്കിൽ അവർക്ക് കശ്മീരിൽ നിന്ന് പുറത്തുവരേണ്ടിവരില്ലായിരുന്നുവെന്ന് 'ദ കശ്മീർ ഫയൽസ്' എന്ന സിനിമയെ പരാമർശിച്ച് സർസംഘചാലക്ജി പറഞ്ഞു. യോഗിരാജ് ബാബ ഗംഭീർനാഥ് ഓഡിറ്റോറിയത്തിൽ കുടുംബ പ്രബോധൻ പരിപാടിയില് കുടുംബാംഗങ്ങളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു മോഹൻ ഭാഗവത്.

കുടുംബ പ്രബോധൻ പോലുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ യുക്തിയെക്കുറിച്ച് ചർച്ച ചെയ്ത മോഹൻജി ഭാരതത്തിന്റെ പാരമ്പര്യത്തിൽ സമൂഹത്തിന്റെ പ്രധാന ഘടകം കുടുംബമാണെന്നും വ്യക്തിയല്ലെന്നും പറഞ്ഞു. പാശ്ചാത്യ സംസ്കാരത്തിൽ, വ്യക്തിയാണ് ആധിപത്യം, എന്നാൽ നമ്മുടെ രാജ്യത്ത് ഏതൊരു വ്യക്തിയെയും അവന്റെ കുടുംബത്തിന്റെ പേരിൽ തിരിച്ചറിയുന്നു. നമ്മൾ വ്യക്തികളാണ്, പക്ഷേ നമ്മൾ ഒറ്റയ്ക്കല്ല. ഈ സമൂഹഘടന പ്രകൃതിയാൽ നൽകിയിരിക്കുന്നു, അതിനാൽ കുടുംബം സുരക്ഷിതമായിരിക്കേണ്ടത് പ്രധാനമാണ്. ഭാഷ, ഭക്ഷണം, കീർത്തനങ്ങൾ, വിനോദയാത്രകൾ, വേഷവിധാനങ്ങൾ എന്നിവയിലൂടെ നമ്മുടെ വേരുകളുമായി ബന്ധം പുലർത്തുക എന്ന സന്ദേശം പകർന്നു നൽകി, കുടുംബത്തെ സുരക്ഷിതമായി നിലനിർത്താൻ പരിശ്രമിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ആഴ്ചയിൽ ഒരിക്കൽ, കുടുംബ പ്രബോധനം നടത്തുക. ഒരു ദിവസം ഒരു നേരം എങ്കിലും ഭക്ഷണവും പ്രാർത്ഥനയും ഒരുമിച്ച് കഴിക്കുക. നമ്മൾ ആരാണ്, നമ്മുടെ പൂർവ്വികർ ആരാണ്, ആചാരങ്ങൾ എന്തൊക്കെയാണ്, നമ്മൾ എന്തുചെയ്യണം, എന്താണ് ഉപേക്ഷിക്കേണ്ടത്, തുടങ്ങിയ വിഷയങ്ങൾ ഒരുമിച്ച് ചർച്ച ചെയ്ത് യോജിച്ച് പ്രവർത്തിക്കുക.

യോഗിരാജ് ബാബ ഗംഭീർനാഥ് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ പ്രമുഖവ്യക്തികളടക്കം ഒട്ടേറെ പേർ പങ്കെടുത്തു. വിദ്യാഭ്യാസവും സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവും എല്ലാം ഉൾക്കൊള്ളുന്ന ഒരു യൂണിറ്റാണ് കുടുംബമെന്ന് അദ്ദേഹം പറഞ്ഞു. മണിപ്പൂരിനെ പരാമർശിച്ച്, പ്രത്യേക അവസരങ്ങളിൽ നമ്മുടെ പരമ്പരാഗത വസ്ത്രം ധരിക്കണമെന്ന് അദ്ദേഹം പറഞ്ഞു. നാം നമ്മുടെ പൂർവ്വികരുടെ ആചാരം പിന്തുടരുന്നുണ്ടോ ഇല്ലയോ എന്ന് നാം ആശങ്കപ്പെടണം. അങ്ങനെ ചെയ്താൽ മാത്രമേ നമ്മുടെ സംസ്കാരം സംരക്ഷിക്കാൻ കഴിയൂ. സംസ്കാരത്തിന്റെ സംരക്ഷണം കുടുംബത്തിന്റെ കരുത്തിലൂടെ മാത്രമേ സാധ്യമാകൂ.

കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഭദ്രതയ്ക്കുള്ള സമ്പദ് വ്യവസ്ഥയെക്കുറിച്ച് മോഹൻജി ഊന്നിപ്പറഞ്ഞു. ഓരോരുത്തരും അവരവരുടെ വീടുകളിൽ നിന്ന് വെള്ളം സംരക്ഷിച്ച് പരിസ്ഥിതി സംരക്ഷണത്തിനായി മരങ്ങൾ നട്ടുപിടിപ്പിക്കാനും വീടുകളിൽ നിന്ന് പോളിത്തീൻ നീക്കം ചെയ്യാനും ജലസംരക്ഷണ ദിനത്തിൽ നടത്തിയ പ്രസംഗത്തിൽ അദ്ദേഹം ആഹ്വാനം ചെയ്തു. പ്രാന്ത സംഘചാലക് ഡോ.പൃഥിരാജ് സിംഗ്, സഹസംഘചാലക് ഡോ.മഹേന്ദ്ര അഗർവാൾ എന്നിവർ കുടുംബ ബോധോദയ പരിപാടിയിൽ മോഹൻജിയോടൊപ്പം വേദിയിൽ സന്നിഹിതരായിരുന്നു.

# കോലാർ ക്ലോക്ക് ടവറിൽ ത്രിവർണ പതാക പാറിച്ചു

ബംഗളൂരു: കർണാടകയിലെ കോലാർ ജില്ലയിൽ ക്ലോക്ക് ടവറിൽ കഴിഞ്ഞ 75 വർഷമായി പച്ചനിറവും പച്ചപതാകയുമാണുണ്ടായിരുന്നത്. 2022 മാർച്ച് 19ന് ആദ്യമായി കോലാറിലെ ക്ലോക്ക് ടവറിൽ വെള്ളം നിറം നൽകി രാജ്യത്തിന്റെ ത്രിവർണ പതാക ഉയർത്തി.

ബിജെപി ലോക്സഭാ എംപി എസ്. മുനിസ്വാമി ജനങ്ങൾക്ക് നൽകിയ വാക്ക് പാലിച്ചു. തുടർച്ചയായ പ്രതിഷേധങ്ങൾക്കും സമരങ്ങൾക്കും ശേഷമാണ് ജില്ലാ ഭരണകൂടം ക്ലോക്ക് ടവറിൽ ദേശീയ പതാക ഉയർത്താൻ തയ്യാറായത്.

# ഏപ്രിൽ 8; ദേശാഭിമാനി വൈക്കം പത്മനാഭപിള്ള സ്മൃതി ദിനം

**വൈ**ക്കം പത്മനാഭപിള്ള എന്ന സൈന്യാധിപൻ ഇല്ലായിരുന്നു എങ്കിൽ തിരുവിതാംകൂർ രാജ്യത്തിന്റെ അവസ്ഥയും ഒരുപക്ഷേ മലബാറിന് സമാനമാകുമായിരുന്നു. ഒരുപക്ഷേ 1921 മലബാർ ഹിന്ദു വംശഹത്യ പോലെ ഒരു ശ്രമം അനന്തപുരിയുടെ മണ്ണിലും നടക്കുമായിരുന്നു. 'അനന്തപുരത്തെ പത്മനാഭന്റെ കൊടിമരത്തിൽ ഞാൻ എന്റെ കുതിരയെ കെട്ടും' എന്നു പറഞ്ഞു മലബാർ കീഴടക്കി കൊച്ചി രാജ്യത്തെ സാമന്തൻ ആക്കി മഹാസൈന്യവും ആയി തിരുവിതാംകൂർ പിടിക്കാൻ വന്ന ടിപ്പുവിനെ നിലം തൊടാതെ പറപ്പിച്ചത് പത്മനാഭ പിള്ളയുടെ യുദ്ധതന്ത്രങ്ങൾ ആയിരുന്നു. ഇന്നത്തെ തൃശൂർ ജില്ലയുടെ അതിർത്തിയിൽ നെടുംകോട്ട കെട്ടി ടിപ്പുവിനെ തടഞ്ഞ തിരുവിതാംകൂർ സൈന്യാധിപൻ ആയിരുന്നു വൈക്കം പത്മനാഭ പിള്ള. അന്നത്തെ പത്മനാഭ പിള്ളയുടെ ഒളിയുദ്ധ മുറയിൽ കാണങ്കലിന് വെട്ടേറ്റ ടിപ്പുവിനെ ചുമന്ന് കൊണ്ടു ഓടുന്ന മൈസൂർ സൈന്യത്തിന്റെ ചിത്രം ഇപ്പോഴും പത്മനാഭ പുരം കൊട്ടാരത്തിൽ ഉണ്ട് (ആ മുടന്തും ആയി ആണ് ടിപ്പു പിന്നീട് ജീവിച്ചു മരിച്ചത്). തുടർന്ന് കൂടുതൽ സൈനിക ബലവും ആയി എത്തിയ ടിപ്പുവിന്റെ സൈന്യം നെടുംകോട്ട തകർത്ത് തിരുവിതാംകൂറിന്റെ നേർക്ക് അടുത്തു. ആലുവ മണപ്പുറത്ത് തമ്പടിച്ചു നിന്ന ടിപ്പുവിന്റെ സൈന്യത്തെ നേരിടാൻ മുകളിലുള്ള അണക്കെട്ട് തുറന്നു വിടുകയാണ് പത്മനാഭപിള്ള ചെയ്തത്. സൈന്യവും പീരങ്കിയും എല്ലാം നശിച്ചു പോയ ടിപ്പു ഒരിക്കൽ കൂടി പിൻവാങ്ങി. പിന്നീട് തിരികെ വന്നതെ ഇല്ല...

ടിപ്പുവിൽ നിന്നും പിടിച്ചെടുത്ത രാജകീയ വസ്തുക്കൾ ആയ ചുരിക, മോതിരം കൊടി എന്നിവ പത്മനാഭപിള്ള മഹാരാജാവിന് കാഴ്ചവച്ചു. സന്തുഷ്ടനായ മഹാരാജാവ്, വൈക്കം പത്മനാഭപിള്ളയെ തിരുവിതാംകൂറിന്റെ പടത്തലവനായി നിയമിച്ചു.

1808 ൽ ബ്രിട്ടന്റെ റസിഡന്റ് ഭരണാധികാരി ജോൺ മെക്കളെയെ കൊച്ചിയിലെ പോഞ്ഞിക്കര കൊട്ടാരം (ബോൾഗാട്ടി പാലസ് )വളഞ്ഞു പിടിക്കാൻ വേലുതമ്പിയും പാലിയത്തച്ഛനും പദ്ധതി തയ്യാറാക്കി. ചെമ്പിൽ അരയന്റെ കൂടെ കായലിൽ കൂടി ഓടിവള്ളങ്ങളിൽ സൈനികരെ കൂട്ടി വന്നു ബോൾഗാട്ടി പാലസ് ആക്രമിച്ചത് വൈക്കം പദ്മനാഭ പിള്ളയുടെ മിലിറ്ററി സ്ട്രാറ്റജി ആയിരുന്നു. അന്ന് മെക്കളെ രക്ഷപ്പെട്ടത് തലനാരിഴയ്ക്ക് ആണ് എന്ന് ചരിത്രം സാക്ഷി പറയുന്നു.. മെക്കളെ റസിഡൻസി വളഞ്ഞ സൈന്യത്തിന് മെക്കാളയെ കണ്ടെത്താൻ കഴിയാത്ത ദേഷ്യത്തിൽ അവിടെ ഉണ്ടായിരുന്ന രേഖകളെല്ലാം നശിപ്പിക്കുകയും അവിടെ ഉണ്ടായിരുന്ന ബ്രിട്ടീഷ് ജീവനക്കാരെയെല്ലാം വധിക്കുകയും ചെയ്തു സമകാലീനനായ വേലുത്തമ്പി ദളവയുടെ വാത്സല്യഭാജനം ആയിരുന്നു പത്മനാഭപിള്ള.

1767 നവംബർ 29 നെ കണ്ണേഴത്ത് ചെമ്പക രാമൻ പിള്ളയുടെയും, നന്ത്യാട്ടു ഭഗവതി അമ്മയുടയും മകനായി വൈക്കത്ത് ആണ് പത്മനാഭ പിള്ളയുടെ ജനനം. പത്മനാഭൻ ചെറുപ്പത്തിലേ വിദ്യാഭ്യാസത്തോടൊപ്പം ആയോധന അഭ്യാസത്തിലും കുതിര ഓട്ടത്തിലും അസാമാന്യ വൈഭവം പ്രദർശിപ്പിച്ചിരുന്നു. 1788 ൽ 21-വയസിൽ അദ്ദേഹം പഠിച്ച നന്ത്യാട്ടു കളരിയിലെ കൊച്ചാശാൻ ആയി പത്മനാഭൻ. ആറടിയിലധികം ഉയരമുള്ള അംഗ സൗഷ്ഠവത്തോടുകൂടിയ ശരീരം, ഉയർന്ന ശിരസ്സ്, പതറാത്ത ഇച്ഛാശക്തി, അനന്യസാധാരണമായ ദൃഢചിത്തത, അതുല്ല്യമായ ആയോധനാപാടവം ഇവയുടെയെല്ലാം സമൂർത്തരൂപമായിരുന്നു വൈക്കം പത്മനാഭപിള്ള.

1809 ഏപ്രിൽ 8-ാം തീയതി വൈക്കം തുറുവേലിക്കുന്നിൽ വച്ച് ഇംഗ്ലീഷ് സൈന്യം പത്മനാഭപിള്ളയെ വളഞ്ഞു. രക്ഷപ്പെടാൻ പഴുതില്ലെന്നു മനസ്സിലാക്കിയ പത്മനാഭപിള്ള വെള്ളക്കാരന്റ മുൻപിൽ തല കുനിക്കുകയില്ലെന്നു ഉറപ്പിച്ചു തീരുമാനിച്ച ധീരദേശാഭിമാനി ആയ പത്മനാഭപിള്ള തന്റെ വിരലിൽ അണിഞ്ഞിരുന്ന വജ്രമോതിരം കടിച്ചു പൊട്ടിച്ചു ജീവത്യാഗം ചെയ്തു. 42 വയസ്സിൽ വീരസ്വർഗ്ഗം പ്രാപിച്ച ആ ദേശാഭിമാനിയുടെ ജഡം കണ്ടെടുത്ത ഇംഗ്ലീഷ് സൈന്യം പിന്നീട് പുറക്കാടും കെട്ടിത്തൂക്കി പ്രദർശിപ്പിക്കുകയും തൂക്കിക്കൊന്നതായി പ്രചരിപ്പിക്കുകയും ചെയ്തതായി പറയപ്പെടുന്നു.

1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിനും ദശാബ്ദങ്ങൾ മുന്നെ വൈദേശിക കടന്നുകയറ്റത്തിനെതിരെ പടപൊരുതിയ വൈക്കം പത്മനാഭപിള്ളയെ ദേശീയ ചരിത്രകാരന്മാർ അവഗണിച്ചത് എന്തുകൊണ്ടെന്നത് പൊതുസമൂഹം വിലയിരുത്തി വേണ്ട പരിഹാരം കാണാൻ സ്വാതന്ത്രത്തിന്റെ 75-ാം വർഷത്തിലെങ്കിലും കഴിയണം.



# ഹെലിനയുടെ പരീക്ഷണം വിജയം

**ന്യൂഡൽഹി:** ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ടാങ്ക് വേധ മിസൈൽ ഹെലിനയുടെ പരീക്ഷണം വിജയം. അഡ്വാൻസ്ഡ് ലൈറ്റ് ഹെലികോപ്റ്ററിൽ (എഎൽഎച്ച്) നിന്നാണ് ഹെലിന വിക്ഷേപിച്ചത്. ഡിആർഡിഒയിലെ മുതിർന്ന ശാസ്ത്രജ്ഞരും മുതിർന്ന കരസേന ഉദ്യോഗസ്ഥരും പരീക്ഷണത്തിന് സാക്ഷ്യം വഹിച്ചു. മുൻപ് നടത്തിയ പരീക്ഷണങ്ങളുടെ തുടർച്ചയായി പ്രയോഗക്ഷമത ഉറപ്പിക്കുന്ന പരീക്ഷണമായിരുന്നു ഇത്.

പ്രതിരോധ ഗവേഷണ വികസന സംഘടനയിലെ (ഡിആർഡിഒ) ശാസ്ത്രജ്ഞരും, കര-വ്യോമ സേനാ സംഘങ്ങളും സംയുക്തമായാണ് പരീക്ഷണ വിക്ഷേപണം നടത്തിയത്. കൃത്രിമമായി നിർമ്മിച്ച യുദ്ധടാങ്കിനെ ലക്ഷ്യമാക്കിയാണ് മിസൈൽ വിക്ഷേപിച്ചത്. ഏഴ് കിലോമീറ്റർ ദൂരത്തിൽ വരെ പ്രഹരമേൽപിക്കാൻ ശക്തിയുള്ള മിസൈലാണ് ഹെലിന. ലോക്ക് ഓൺ ബി ഫോർ ലോഞ്ച് മോഡിൽ പ്രവർത്തിക്കുന്ന ഇൻഫ്രാ-റെഡ് ഇമേജിംഗ് സീക്കർ (ഐഐആർ) ആണ് ഹെലിനയെ നയിക്കുന്നത്. പൊഖ്റാനിൽ നടത്തിയ പ്രയോഗക്ഷമതാ പരിശോധനയുടെയും, സമുദ്രനിരപ്പിൽ നിന്ന് വളരെ ഉയരത്തിൽ നടത്തിയ പരീക്ഷണത്തിലെ വിജയവും മിസൈലിന്റെ ഹെലി കോപ്റ്റർ സംയോജനത്തിന് വഴിതെളിക്കും. ലോകത്തിലെ അത്യാധുനീക ടാങ്ക് വേധ മിസൈലുകളിൽ ഒന്നാണിത്.

# ശ്രീലങ്കയ്ക്ക് ഭക്ഷ്യധാന്യങ്ങൾ നൽകി ഇന്ത്യ

**കൊളംബോ:** അയൽ രാജ്യത്തെ ദുരിതം എത്രയും പെട്ടന്ന് പരിഹരിക്കുന്നതിൽ മാതൃകയായി വീണ്ടും ഇന്ത്യ. ശ്രീലങ്കയിലെ ഭക്ഷ്യ ക്ഷാമം ദൂരീകരിക്കാൻ 11000 ടൺ ധാന്യങ്ങളാണ് രണ്ടാംഘട്ടമായി എത്തിച്ചിരിക്കുന്നത്. ശ്രീലങ്കയുടെ പുതുവർഷ ആഘോഷത്തിൽ ജനങ്ങൾക്കുള്ള സമ്മാനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അറിയിച്ചു. ചെൻഗ്ലോറി എന്ന ചരക്കു കപ്പലിലാണ് അരിയും ഗോതമ്പും മറ്റ് പയറു വർഗ്ഗങ്ങളുമടക്കം എത്തിച്ചിട്ടുള്ളത്. ഏപ്രിൽ 13,14 തിയതികളിലായിട്ടാണ് ശ്രീലങ്ക പരമ്പരാഗതമായി പുതുവർഷം ആഘോഷി ക്കുന്നത്. കഴിഞ്ഞ ആഴ്ച 16000 അഴ്ച മെട്രിക്ടൺ ധാന്യങ്ങൾ എത്തിച്ചാണ് ഇന്ത്യ സഹായം നൽകിയത്. ഇതോടെ 2,70,000 മെട്രിക്ടൺ ഭക്ഷ്യ ധാന്യങ്ങളാണ്ഇന്ത്യ നൽകിയിട്ടുള്ളത്.

# ജാലിയൻവാലാബാഗിൽ പൂക്കൾ വിടരുമ്പോൾ



**ഭാ**രത സ്വാതന്ത്ര്യ സമരത്തിൻറെ ഉജ്ജ്വലമായ ചരിത്രത്തിൽ ഒരു കറുത്ത അധ്യായമാണ് 1919 ഏപ്രിൽ 13 ലെ ജാലിയൻ വാലാബാഗ് കൂട്ടക്കൊല . നിമിഷങ്ങൾ കൊണ്ട് ആയിരക്കണക്കിനു ദേശസ്നേഹികൾ ആണ് ബ്രിട്ടീഷ് പട്ടാളക്കാരുടെ തോക്കുകൾക്ക് ഇരയായി തീർന്നത് . അമൃതസറിന്റെ അന്തരീക്ഷത്തിൽ 103 വർഷംമുമ്പ് മുഴങ്ങിയ അലർച്ചകൾക്കും വെടിയൊച്ചകൾക്കും ആർത്തനാദങ്ങൾക്കും എല്ലാ കാലത്തെയും ഭാരതീയർക്കുമായി ഒട്ടനവധി സന്ദേശങ്ങൾ കൈമാറുവാനുണ്ട്.

പഞ്ചാബ് പ്രവിശ്യയിലെ ബ്രിട്ടീഷ് ലെഫ്റ്റനന്റ് ഗവർണർ സർ മൈക്കിൾ ഒഡയർ ക്രൂരതയ്ക്ക് പ്രസിദ്ധിയാർജ്ജിച്ച ഭരണാധികാരിയായിരുന്നു.. സ്വാതന്ത്ര്യ സമര പോരാട്ടങ്ങൾ ഉരുക്കുമുഷ്ടി കൊണ്ട് നേരിടുന്നത് ഒഡയറുടെ സ്ഥിരം ശൈലി ആയിരുന്നു. റൗലറ്റ് ആക്റ്റിനെതിരെ ഭാരത മാസകലം നടന്ന പ്രക്ഷോഭങ്ങളും അതിനെതിരെ ഇംഗ്ലീഷ് പട്ടാളം അഴിച്ചുവിട്ട നരനായാട്ടുമാണ് ജാലിയൻവാലാബാഗിലെ പ്രതിഷേധ സമ്മേളനത്തിലേക്ക് കാര്യങ്ങളെ കൊണ്ടുചെന്നെത്തിച്ചത്. ജാലിയൻവാലാബാഗ് സംഭവത്തെ പറ്റി പിന്നീട് അന്വേഷിച്ച ഫൺടർ കമ്മിറ്റിക്ക് മുൻപാകെ കൂട്ടക്കൊലയ്ക്ക് നേതൃത്വം നൽകിയ അന്നത്തെ പട്ടാള മേധാവി ജനറൽ ഡയർ നൽകിയ മൊഴി ഇപ്രകാരമായിരുന്നു . 'അമൃതസറിലെ ജനങ്ങളെ ഒരു പാഠം പഠിപ്പിക്കാൻ ആയിരുന്നു എന്റെ തീരുമാനം. ജനത്തെ പിരിച്ചുവിടാൻ ആകാശത്തേക്ക് വെടി വെച്ചാൽ മതിയായിരുന്നു. പക്ഷേ അവിടെ കൂടിയവരെ ശിക്ഷിക്കൽ ആയിരുന്നു എൻറെ ഉദ്ദേശം'. ആസൂത്രിതമായി, പദ്ധതിയൊരുക്കി നടപ്പാക്കിയ ക്രൂരതയ്ക്കാണ് 1919 ഏപ്രിൽ 13 സാക്ഷ്യംവഹിച്ചത്. വെള്ളക്കാരന്റെ ഈ ക്രൂരതയ്ക്ക് മറുപടി നൽകാൻ ഒരുങ്ങി പുറപ്പെട്ട ഉദ്ദംസിംഗ് നീണ്ട 21 വർഷമാണ് ഒരവസരത്തിനായി കാത്തിരുന്നത്. 1940 മാർച്ച് 13 ന് ലണ്ടനിൽ വച്ച് സർ മൈക്കിൾ ഒഡയറെ തൻറെ തോക്കിന് ഇരയാക്കി കൊണ്ട് ജാലിയൻ വാലാബാഗിലെ അരുംകൊലയ്ക്ക് ഉദ്ദംസിംഗ് പകരം വീട്ടി.

സ്വാതന്ത്ര്യത്തിന് അമൃത വർഷത്തിൽ അമൃത്സറിൽ ഉള്ള ജാലിയൻവാലാബാഗ് സ്മാരകം നവീകരിച്ച് രാഷ്ട്രത്തിന് സമർപ്പിച്ചിരിക്കുകയാണ്. പ്രവേശന കവാടത്തിൽ എല്ലാവരെയും സ്വാഗതം ചെയ്തുകൊണ്ട് ഷഹീദ് ഉദ്ധം സിംഗിന്റെ പൂർണകായ പ്രതിമ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. പൈതൃക ഇടവഴികളിലൂടെ നടക്കുമ്പോൾ ചുമരുകൾ സ്വാതന്ത്ര്യസമരസേനാനികളുടെ ചുമർ ചിത്രങ്ങളും ശില്പങ്ങളും കൊണ്ട് അലങ്കരിക്കപ്പെട്ടിരിക്കുന്നു. കിണറ്റിൽ വീണു മരിച്ച ബലിദാനികൾക്കായി ആദരാഞ്ജലി അർപ്പിക്കാൻ വിശാലമായ അങ്കണത്തിൽ പ്രത്യേക സൗകര്യമൊരുക്കിയിട്ടുണ്ട്. നാലു ഗാലറികളിലായി ബലിദാനികളുടെ സംഭാവനകളുടെയും കൂട്ടക്കൊലയുടെയും വിവരങ്ങൾ പ്രദർശിപ്പിക്കുന്നു. ചുമരുകളിൽ ഉള്ള വെടിയുണ്ടയുടെ പാടുകൾ അതേപോലെതന്നെ സംരക്ഷിച്ച് നിലനിർത്തിയിരിക്കുന്നു. മോക്ഷസ്ഥാൻ, അമർജ്യോതി, ധ്വജ് മസ്തുൽ എന്നിങ്ങനെ നിരവധി സ്ഥലങ്ങൾ പ്രത്യേകമായി വികസിപ്പിച്ച് തയ്യാറാക്കിയിരിക്കുന്നു. ചരിത്ര സംഭവങ്ങളുടെ വിവരണം ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ ദിവസവും സന്ദർശകർക്കായി ലൈറ്റ് ആൻഡ് സൗണ്ട് ഷോ അവതരിപ്പിക്കപ്പെടുന്നുണ്ട്.ദേശസ്നേഹികളായ ഭാരതജനതയ്ക്കാകെ ഒരു പുണ്യ തീർത്ഥസ്ഥാനമായി ജാലിയൻവാലാബാഗ് മാറിയിരിക്കുന്നു. സ്വാതന്ത്ര്യ പോരാട്ടത്തിന്റെ ബലി വേദികളിൽ നിന്ന് ആർജ്ജിച്ച കരുത്തുമായി പുതിയ ഭാരതം മുന്നോട്ടു കുതിക്കുകയാണ്.

# ആത്മനിർഭർ ഭാരത് പ്രസംഗ മത്സരം

**മനാമ:** ആത്മനിർഭർ ഭാരത് എന്ന വിഷയത്തിൽ സംസ്കൃതി ബഹ്റൈൻ നടത്തുന്ന ഓൺലൈൻ പ്രസംഗമത്സരത്തിന്റെ ഔപചാരിക ഉദ്ഘാടനം ബഹ്റൈൻ എംപി ഡോക്ടർ സൗസൻ കമാൽ നിർവഹിച്ചു. 600 ലധികം വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്ത ഈ മത്സരം നിയന്ത്രിക്കുന്നതിനും വിലയിരുത്തുന്നതിനുമായി 300 പേരുടെ ഓർഗനൈസിംഗ് ടീമാണ് പ്രവർത്തിക്കുന്നത്.

മൂന്ന് റൗണ്ടുകളിൽ ആയി നടത്തപ്പെടുന്ന മത്സരത്തിന്റെ ഫൈനൽ മെയ് ഒന്നിനാണ്. മെയ് അഞ്ചിന് ഇന്ത്യൻ ക്ലബ്ബിൽ വച്ച് നടക്കുന്ന സാംസ്കാരിക സമ്മേളനത്തിൽ വിജയികൾക്കുള്ള സമ്മാനദാനം നടത്തും. ഭാരതീയരായ വിദ്യാർത്ഥികളിൽ ദേശീയബോധം വളർത്തുന്നതിനായി നടത്തുന്ന ഈ പ്രസംഗമത്സരം വളർന്നു വരുന്ന കുട്ടികൾക്ക് അവരുടെ ദേശീയതയിൽ ഊന്നിക്കൊണ്ടുള്ള ജീവിതത്തിന് മാർഗ്ഗനിർദ്ദേശം നൽകുന്നതായിരിക്കും എന്ന് സ്വാഗത പ്രസംഗം നടത്തിയ സംസ്കൃതി ബഹറിൻ ജനറൽസെക്രട്ടറി റിതിൻ രാജ് പറഞ്ഞു. ബഹറിൻ സംസ്കൃതി പ്രസിഡന്റ് പ്രവീൺ നായരുടെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ പ്രസംഗമത്സരം കൺവീനർ സോയിപോൾ, റനോഷ് തോമസ് , ശ്രീജിത്ത് രാജ, ജിനി ജോഹാര എന്നിവർ സംസാരിച്ചു. ജിഷ നിയന്ത്രിച്ച ചടങ്ങിൽ സംസ്കൃതി ബഹറിൻ വൈസ്പ്രസിഡന്റ് പങ്കജ് മല്ലിക്ക് നന്ദി പറഞ്ഞു.



# രാജ്യത്തിന്റെ ഗതി സന്യാസി ശ്രേഷ്ഠരുടെ സ്വപ്നങ്ങളിലേക്ക് : സർസംഘചാലക്

**ഡെറാഡൂൺ :** സ്വാമി വിവേകാനന്ദന്റെയും, മഹർഷി അരവിന്ദന്റെയും സന്യാസിവര്യയരുടെ സ്വപ്നങ്ങളിലേക്ക് രാജ്യം അടുത്തുകൊണ്ടിരിക്കുകയാണെന്ന് ആർഎസ്എസ് സർസംഘചാലക് മോഹൻ ഭാഗവത്. ഹരിദ്വാറിൽ സന്യാസിവര്യരുടെ സംഗമത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭഗവാനും ജനങ്ങൾക്കുമിടയിൽ മദ്ധ്യവർത്തികളായി പ്രവർത്തിക്കുന്നവരാണ് സന്യാസിവര്യരെന്നും അദ്ദേഹം പറഞ്ഞു. ഹിന്ദു മതം സംരക്ഷിക്കുന്നതിനുവേണ്ടിയാണ് കേശവ്ബൽറാം ഹെഡ്ഗേവാർ ആർഎസ്എസ് എന്ന പ്രസ്ഥാനം രൂപീകരിച്ചത്. വിവേകാനന്ദന്റെയും, മഹർഷി അരബിന്ദോയുയുടെയും സ്വപ്നത്തിലേക്കാണ് നിലവിൽ രാജ്യത്തിന്റെ യാത്ര. ഇനിയും 20-25 വർഷങ്ങൾ ഇതിന് ആവശ്യമാണെന്നാണ് ആളുകൾ പറയുന്നത്. എന്നാൽ അടുത്ത പത്ത് വർഷത്തിനുള്ളിൽ ഇത് സാക്ഷാത്കരിക്കപ്പെടുമെന്നാണ് തന്റെ അനുഭവങ്ങളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. വിവേകാനന്ദന്റെയും അരവിന്ദന്റെയും സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനായി സമൂഹം ഒറ്റക്കെട്ടായി പ്രവർത്തിക്കുകയാണെന്നും മോഹൻ ഭാഗവത് വ്യക്തമാക്കി. തങ്ങൾ അസിംഹയക്കെറുച്ച് സംസാരിക്കുകയും, എന്നാൽ അതേ സമയം കയ്യിൽ ഒരു വടിയുമായി നടക്കുന്നവരുമാണ്. തങ്ങൾക്ക്ആരോടും, വിരോധവും ശത്രുതയും, ഇല്ല. കാരണം ലോകത്തിന്റെ ശ്രദ്ധ അധികാരത്തിൽ മാത്രമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ജനനം: 10 ഏപ്രിൽ 1928 മരണം : 5 സെപ്റ്റംബർ 2005

# ഖുക്രി കത്തി കൊണ്ട് ശത്രുക്കളെ തുരത്തിയ ധീര സൈനികൻ മേജർ ധൻ സിങ് ഥാപ്പ

ധീരതക്കും രാജ്യസ്നേഹത്തിനും പേരുകേട്ട സേനയാണ് ഭാരതത്തിന്റെ കരസേന.പ്രതികൂല സാഹചര്യങ്ങളിലും ശത്രുക്കൾക്ക് മേൽ വിജയം നേടാൻ കഴിവുള്ള നമ്മുടെ കരസേന ലോകത്തിലെ ഏറ്റവും ശക്തമായ സേനകളിൽ ഒന്നാണ്.ധീരതയും അസാമാന്യ ബുദ്ധിശക്തിയും കൊണ്ട് സേനയുടെ അഭിമാനം ഉയർത്തിയ ഓഫീസർമാരിൽ ഒരാളാണ് മേജർ ധൻ സിങ് ഥാപ്പ. 1962ലെ ഇന്ത്യ-ചൈന യുദ്ധത്തിനിടെ അദ്ദേഹം കാണിച്ച അസാമാന്യ ധീരതക്കുള്ള ആദര സൂചകമായി അതിർത്തി പോസ്റ്റിന് മേജർ ധർ സിങ് ഥാപ്പയുടെ പേര് നൽകിയിട്ടുണ്ട്. 1928 ഏപ്രിൽ 10ന് ഹിമാചൽ പ്രദേശിലെ ഷിംലയിലാണ് മേജർ ധൻ സിങ് ഥാപ്പ ജനിച്ചത്.കരസേനയുടെ 8 ഗോർഖ ബറ്റാലിയനിലാണ് അദ്ദേഹം കമ്മീഷൻ ചെയ്യപ്പട്ടത്.1949ൽ അദ്ദേഹം ഗോർഖ റൈഫിൾസിന്റെ ഭാഗമായി.1961ൽ അതിർത്തിയിൽ ചൈനയുടെ പ്രകോപനം വർദ്ധിച്ചപ്പോൾ ഫോർവേർഡ് പോളിസി സ്വീകരിച്ച ഭാരതം അതിർത്തിയിൽ വലിയ തോതിൽ സൈനിക വിന്യാസം നടത്തി.ടിബറ്റിൽ നിന്നും ലഡാക്കിലേക്കുള്ള ഓരോ റോഡും സംരക്ഷിക്കണമെന്നായിരുന്നു സൈന്യത്തിന് നൽകിയ നിർദ്ദേശം.പാങ്ഗോക്ക ് തടാകത്തിന്റെ വടക്കൻ കരയിലുള്ള ഖുർനാക് കോട്ട മുതൽ തെക്കുള്ള ചുസുൾ വരെയും ഈ ബന്തവസ്സ് സേന തുടർന്നു.നിരവധി ചെറിയ പോസ്റ്റുകൾ സേന നിർമ്മിച്ചു.1962ലെ യുദ്ധത്തിന് മുമ്പായി 3 സുപ്രധാന പോസ്റ്റുകൾ അതിർത്തിയിൽ ഭാരതം നിർമ്മിച്ചിരുന്നു. 8 ഗോർഖ റൈഫിൾസായിരുന്നു ഇത് സംരക്ഷിച്ചിരുന്നത്.സിരി ജാപ് 1 ന്റെ കമാൻഡിങ് ഓഫീസറായിരുന്നു മേജർ ധൻ സിങ് ഥാപ്പ.



അദ്ദേഹത്തിന്റെ ബറ്റാലിയൻ 2 തവണ ചൈനിസ് പട്ടാളക്കാരെ തുരത്തി.മൂന്നാമത്തെ തവണ വലിയ സൈനിക ശേഷിയും ആയുധങ്ങളുമായാണ് ചെനീസ് പട്ടാളം മേജർ ഥാപ്പയുടെ പോസ്റ്റിനെ ആക്രമിച്ചത്.രണ്ടര മണിക്കൂറോളം പോസ്റ്റിന് മുകളിൽ മോർട്ടാർ,ആർട്ടിലറി ആക്രമണങ്ങൾ നടന്നു.ബറ്റാലിയനുമായി പോസ്റ്റിനുണ്ടായിരുന്ന ബന്ധം പൂർണ്ണമായും നഷ്ടമായി.പക്ഷേ ധീരൻമാരായ ഖോർഖ സൈനികർ ശത്രുക്കൾക്കെതിരായശക്തമായ പോരാട്ടം തുടർന്നു.കുറച്ചു പട്ടാളക്കാർ ധീര ബലിദാനം നടത്തി.വെടിയുണ്ടകൾ തീർന്നപ്പോൾ ഖുക്രി (ഖൂർഖകളുടെ കൈവശമുള്ള കത്തി) ഉപയോഗിച്ച് മേജർ ഥാപ്പ ചൈനീസ് പട്ടാളത്തെ നേരിട്ടു.വീര്യം ഒട്ടും ചോരാതെ മറ്റു പട്ടാളക്കാരെയും നയിച്ചു.

നേരിട്ടുള്ള യുദ്ധത്തിൽ നിരവധി ചൈനീസ് പട്ടാളക്കാരെ മേജർ ഥാപ്പ കൊലപ്പെടുത്തി.പക്ഷേ അവസാനം മേജർ ഥാപ്പയെ ചൈനീസ് പട്ടാളം യുദ്ധത്തടവുകാരനായി പിടികൂടി.മേജർ ഥാപ്പ ധീര ബലിദാനം നടത്തി എന്നാണ് സൈന്യവും സർക്കാരും കരുതിയത ്.മരണാനന്തര ബഹുമതിയായി സർക്കാർ അദ്ദേഹത്തിന് പരംവീർ ചക്രയും പ്രഖ്യാപിച്ചു. യുദ്ധത്തടവുകാരനായ അദ്ദേഹം കൊടിയ പീഡനങ്ങളാണ് തടവിൽ അനുഭവിച്ചത്.എന്നാൽ അദ്ദേഹം ഒരിക്കലും പ്രതീക്ഷ കൈവിട്ടില്ല. തടവിൽ കഴിയവെ ഒരു ചൈനക്കാരനുമായി സൗഹൃദം സ്ഥാപിച്ച മേജർ ഥാപ്പ അയാളുമായി തന്റെ ചിന്തകൾ പങ്കുവച്ചു.മേജർ ഥാപ്പ യുദ്ധത്തിന് പോകാൻ ഒരുങ്ങുന്ന സമയത്ത് അദ്ദേഹത്തിന്റെ ഭാര്യ ഗർഭിണിയായിരുന്നു.ഒരു ദിവസം ചൈനക്കാരനായ സുഹൃത്തിന്റെ സഹായത്തോടെ മേജർ ഥാപ്പ വീട്ടിലേക്ക് കത്തയച്ചു.കത്തു കിട്ടിയ വീട്ടുകാർ ഉടനെ ഇക്കാര്യം സേനയെ അറിയിച്ചു.മേജർ ഥാപ്പയുടെ മോചനത്തിനായി സർക്കാർ തലത്തിൽ ഇതോടെ ശ്രമങ്ങൾ ആരംഭിച്ചു.1963 മെയ് 10ന് അദ്ദേഹം ഭാരതത്തിൽ തിരിച്ചെത്തി.മെയ് 12ന ് അദ്ദേഹം ഡെറാഡൂണിലെ വീട്ടിലെത്തി.അദ്ദേഹത്തിന്റെ പരം വീർ ചക്ര ഉത്തരവിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി.സേനയിൽ ലെഫ്റ്റനന്റ് കേണലായാണ് അദ്ദേഹം വിരമിച്ചത ്.2005 സെപ്റ്റംബർ 5ന് അദ്ദേഹം അന്തരിച്ചു.



# ലോകത്തിന്റെ കലവറയായി ഇന്ത്യ

**ന്യൂഡൽഹി:** ഇന്ത്യയുടെ ഗോതമ്പ് ഇനി മുതൽ ഈജിപ്തിലേക്കും. ഇന്ത്യയെ ഗോതമ്പ് വിതരണക്കാരായി ഈജിപ്ത് അംഗീകരിച്ചതായി കേന്ദ്ര വാണിജ്യ മന്ത്രി പിയുഷ്ഗോയൽ അറിയിച്ചു. നമ്മുടെ കർഷകർ ലോകത്തെ മുഴുവനായി അന്നമൂട്ടുകയാണെന്നും അദ്ദേഹം ട്വിറ്ററിൽ കുറിച്ചു.

ഇന്ത്യാ സന്ദർശനത്തിന് എത്തിയ ഈജിപ്തിൽ നിന്നുള്ള ഭക്ഷ്യ വിതരണ അതോറിറ്റി പ്രതിനിധികൾ ഗോതമ്പുൾപ്പെടെയുള്ള ധാന്യങ്ങൾ പരിശോധിച്ചിരുന്നു. രാജ്യത്ത് ഉത്പാദിപ്പിക്കുന്ന ഗോതമ്പും മറ്റ് ധാന്യങ്ങളും മികച്ച ഗുണനിലവാരമുണ്ടെന്ന് ബോദ്ധ്യപ്പെട്ടതോടെയാണ് വിതരണക്കാരായി ഇന്ത്യയെയും ഈജിപ്ത് പരിഗണിച്ചത്. പഞ്ചാബ്, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലാണ് പ്രതിനിധി സംഘം എത്തിയത്. പാടശേഖരങ്ങളും, ധാന്യ സംഭരണ ശാലകളിലും സംഘം സന്ദർശനം നടത്തിയിരുന്നു. സന്ദർശനത്തിന് ശേഷം സംഘം ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച നടത്തിയിരുന്നു. ഇതിന് പിന്നാലെയാണ് അന്തിമ തീരുമാനം കൈക്കൊണ്ടത്.

തുടർന്ന് വിവരം ഇന്ത്യയെ അറിയിക്കുകയായിരുന്നു. ഇന്ത്യയിലെ ഈജിപ്ത് അംബാസ്ഡർ വാലെ മുഹമ്മദ് അവാദ്ഹമീദ് ഉൾപ്പെടെയുള്ളവരും പ്രതിനിധി സംഘത്തിൽ ഉണ്ടായിരുന്നു. ആഗോളതലത്തിൽ ധാന്യവിതരണത്തിനായി നരേന്ദ്ര മോദി സർക്കാർ സ്വീകരിക്കുന്ന നയങ്ങൾ ശ്രദ്ധേയമാണ്. നമ്മുടെ കർഷകർ രാജ്യത്തിന്റെ പത്തായം നിറയ്ക്കുന്നു. ലോകത്തെ ഊട്ടാൻ ഞങ്ങൾ തയ്യാറാണെന്നും കേന്ദ്ര വാണിജ്യ മന്ത്രി പിയുഷ്ഗോയൽ ട്വീറ്റ് ചെയ്തു.

ലോകത്തെതന്നെ ഏറ്റവും വലിയ ഗോതമ്പ് ഉപഭോക്താവാണ് ഈജിപ്ത്. ഗോതമ്പിനായി റഷ്യയെയും, യുക്രെയ്നെയും പ്രധാനമായി ആശ്രയിച്ചിരുന്ന ഈജിപ്ത് യുദ്ധം പൊട്ടിപ്പുറപ്പെട്ടതോടെ പ്രതിസന്ധിയിലായി. തുടർന്നാണ് ഇന്ത്യയെ സമീപി ച്ചത്.

# സൂര്യ സെൻ



**കി**ഴക്കൻ ഭാരതത്തിലും, ബംഗാളിലും രാജ്യത്തിന് അഭിമാനമായിത്തീർന്ന ധാരാളം സ്വാതന്ത്ര്യ സമരസേനാനികൾ പിറവി കൊണ്ടിട്ടുണ്ട്. പക്ഷേ, നിർഭാഗ്യവശാൽ അവരിൽ പലരുടെയും പോരാട്ടകഥകൾ കാലത്തിന്റെ കുത്തൊഴുക്കിൽ മാഞ്ഞുപോയിട്ടുണ്ട്. അവർ രാജ്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ചുവെങ്കിലും, ഒരിക്കലും ചരിത്രത്തിൽ വേണ്ട രീതിയിൽ അംഗീകാരിക്കപ്പെടാത്തവരുമുണ്ട്. അത്തരത്തിലൊരാളായിരുന്നു 1930 –ൽ ബ്രിട്ടീഷ് ഭരണത്തിനെതിരെ വൻപോരാട്ടം നടത്തിയ സൂര്യ സെൻ. സ്വാതന്ത്ര്യത്തിനായി അദ്ദേഹം അനുഭവിച്ച യാതനകൾ ആരുടെയും കണ്ണുകൾ ഈറനണയിക്കുന്നതാണ്.

1894 മാർച്ച് 22 ന് ചിറ്റഗോങ്ങിലെ താന രാവുജനിലെ നോപാര ഗ്രാമത്തിലാണ് സൂര്യ സെൻ ജനിച്ചത്. അദ്ദേഹത്തിന്റെ മുഴുവൻ പേര് ഷൂർജ കുമാർ സെൻ എന്നായിരുന്നു. അച്ഛന്റെ പേര് രാജ്മോണി സെൻ, അമ്മ ഷില ബാല ദേവി.

1916 –ൽ ഹറംപൂർ കോളേജിൽ ബി.എ. വിദ്യാർത്ഥിയായിരിക്കുമ്പോഴാണ് ദേശീയ ആശയങ്ങളോട് സൂര്യ സെന്നിന് താല്പര്യം തോന്നിയത്. പിന്നീട് അനുശീലൻ സമിതി എന്ന വിപ്ലവ സംഘടനയിൽ അദ്ദേഹം ചേരുകയായിരുന്നു. അദ്ദേഹത്തിന്റെ മഹത്തായ പ്രവർത്തനവും നേതൃത്വഗുണവും കാരണം ചിറ്റഗോംഗിൽ നിന്ന് കോൺഗ്രസ് പാർട്ടിയുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. കോളേജിലെ വിദ്യാർത്ഥികളും സഹപ്രവർത്തകരും സെന്നിനെ സ്നേഹപൂർവ്വം 'മാസ്റ്റർ ദാ...' എന്ന് വിളിച്ചു. 1926 മുതൽ 1928 വരെ രണ്ട് വർഷം ബ്രിട്ടീഷ് വിരുദ്ധ പ്രവർത്തനങ്ങൾക്ക് സെൻ ജയിലിലടക്കപ്പെട്ടു.

ജയിൽ മോചിതനായ ശേഷം, 1930 ഏപ്രിൽ 18 –ന് ചിറ്റഗോംഗ് ആയുധശാലയിൽ നിന്ന് പൊലീസിന്റെയും സഹായസേനയുടെയും ആയുധശേഖരം ഒരുകൂട്ടം വിപ്ലവകാരികളുമായി ചേർന്ന് സെൻ കൊള്ളയടിച്ചു. എല്ലാ കോണുകളിൽ നിന്നും ബ്രിട്ടീഷുകാരെ അക്രമിക്കാൻ കഴിയുന്ന വിപ്ലവ സൈന്യത്തിന്റെ അടിത്തറ പാകുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ആയുധശാലയിൽ നിന്ന് ആയുധങ്ങൾ പിടിച്ചെടുക്കുന്നതിലും നഗരത്തിലെ ആശയവിനിമയ സംവിധാനം നശിപ്പിക്കുന്നതിനും അദ്ദേഹം പരിശ്രമിച്ചു. അതുവഴി ചിറ്റഗോങ്ങിനെ ബ്രിട്ടീഷ് ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ നിന്ന് ഒറ്റപ്പെടുത്താൻ അദ്ദേഹം ലക്ഷ്യമിട്ടു. സംഘത്തിന് ആയുധങ്ങൾ കൊള്ളയടിക്കാൻ കഴിഞ്ഞെങ്കിലും, വെടിമരുന്ന് കണ്ടെത്താൻ കഴിഞ്ഞില്ല!

ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി ചിറ്റഗോംഗ് ബ്രാഞ്ചിന്റെ പേരിൽ നടത്തിയ ആ കൊള്ളയിൽ അറുപത്തിയഞ്ച് വിപ്ലവകാരികൾ പങ്കെടുത്തു. ബ്രിട്ടീഷുകാരുടെ ആയുധങ്ങൾ കൈക്കലാക്കിയ വിപ്ലവകാശികൾ ആയുധശാലയ്ക്ക് പുറത്ത് തടിച്ചുകൂടി. അവിടെ വെളുത്ത ഖാദി ധോത്തിയും നീളൻ കോട്ടും ഗാന്ധി തൊപ്പിയും ധരിച്ച സൂര്യ സെൻ കെട്ടിടത്തിന് വെളിയിൽ ദേശീയ പതാക ഉയർത്തി. 'വന്ദേ മാതരം', 'ഇൻക്വിലാബ് സിന്ദാബാദ്' എന്നിങ്ങനെയുള്ള മുദ്രാവാക്യങ്ങൾ അന്തരീക്ഷത്തെ പ്രകമ്പനം കൊള്ളിച്ചു.

വെടിമരുന്ന് ഇല്ലാതെ, ബ്രിട്ടീഷുകാരുമായി ഒരു തുറന്ന യുദ്ധത്തിൽ ഏർപ്പെടുന്നത് ബുദ്ധിയല്ല എന്നവർക്ക് തോന്നി. എന്നാൽ ഏപ്രിൽ 22 –ന് ആയിരക്കണക്കിന് ബ്രിട്ടീഷ് സൈനികർ ജലാലാബാദ് കുന്നിൽ വച്ച് അവരെ വളഞ്ഞു. തുടർന്നുള്ള യുദ്ധത്തിൽ 12 വിപ്ലവകാരികളും 80 ബ്രിട്ടീഷ് ആർമി ഉദ്യോഗസ്ഥരും കൊല്ലപ്പെട്ടു. തോൽക്കുമെന്ന് ഉറപ്പായതിനെ തുടർന്ന്, സെന്നും കൂട്ടരും അയൽഗ്രാമങ്ങളിലേക്ക് രക്ഷപ്പെട്ടു. അവിടെ അവർ ചെറിയ ഗ്രൂപ്പുകളായി ഗറില്ലാ യുദ്ധ രീതിയിൽ ബ്രിട്ടീഷുകാരെ നേരിട്ടു. റെയ്ഡുകൾ നടത്തുകയും കൊളോണിയൽ ഉദ്യോഗസ്ഥരെ കൊല്ലുകയും അവരുടെ സ്വത്ത് നശിപ്പിക്കുകയും ചെയ്തു.

എന്നാൽ, ഒടുവിൽ സെന്നിന്റെ കൂട്ടാളിയായ നേത്ര അദ്ദേഹത്തെ ഒറ്റിക്കൊടുത്തു. തന്റെ വീട്ടിൽ സെൻ ഒളിച്ചിരിക്കുകയാണെന്ന് നേത്ര ബ്രിട്ടീഷുകാരെ അറിയിച്ചു. അങ്ങനെ 1933 ഫെബ്രുവരി 16 ന് അവർ സെന്നിനെ അറസ്റ്റ് ചെയ്തു. ഒറ്റികൊടുത്തതിന് നേത്രയ്ക്ക് ബ്രിട്ടീഷ് സർക്കാർ ഒരു പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. പക്ഷേ അത് വാങ്ങുന്നതിന് മുമ്പ് സൂര്യ സെന്നിന്റെ കൂട്ടത്തിലെ ഒരു വിപ്ലവകാരി നേത്രയുടെ തല അറുത്തു മാറ്റുകയായിരുന്നു. സൂര്യ സെന്നിനെ പിന്തുണച്ചിരുന്ന നേത്രയുടെ ഭാര്യ ഒരിക്കലും ഭർത്താവിനെ കൊ

ന്നതാരാണെന്ന് വെളിപ്പെടുത്തിയില്ല.

പിന്നീടങ്ങോട്ട് ഒരു മനുഷ്യനും സഹിക്കാൻ കഴിയാത്ത കൊടുംപീഡനങ്ങളാണ് അദ്ദേഹം ബ്രിട്ടീഷുകാരുടെ കൈയിൽ അനുഭവിച്ചത്. 1934 ജനുവരി 12 ന് തൂക്കിലേറ്റുന്നതിന് നിമിഷങ്ങൾക്ക് മുമ്പ് വരെ, കണ്ണിൽച്ചോരയില്ലാതെ ബ്രിട്ടീഷുകാർ സെന്നിനെ ക്രൂരമായി പീഡിപ്പിച്ചു. അവർ അദ്ദേഹത്തിന്റെ അസ്ഥികൾ ഒന്നൊന്നായി ഒടിച്ചു. താടിയെല്ലുകൾ അടിച്ചു തകർത്തു. പല്ലും നഖവും പിഴുതെടുത്തു. ഒടുവിൽ അദ്ദേഹത്തിന്റെ സന്ധികളും തകർത്തു. നടക്കാനോ സംസാരിക്കാനോ കഴിയാത ഒരു ജീവച്ഛവമായി അദ്ദേഹം മാറി. അപ്പോൾ മാത്രമാണ് അവർ അദ്ദേഹത്തെ കൊണ്ടുപോയി തൂക്കിലേറ്റിയത്. അവർ അദ്ദേഹത്തോട് കാണിച്ച ഏക ദയയും അതായിരുന്നു. രാജ്യസ്നേഹത്തെയും, ആവേശത്തെയും കെടുത്താൻ അവർക്കായില്ല.

“മരണം എന്റെ വാതിൽക്കൽ മുട്ടുന്നു. എന്റെ മനസ്സ് നിത്യതയിലേക്ക് പറക്കുകയാണ്... അത്ര സുഖകരമായ, ഗംഭീരമായ നിമിഷത്തിൽ, എന്റെ കല്ലറയിൽ ഞാൻ നിങ്ങൾക്കായി എന്താണ് ഉപേക്ഷിക്കുക? ഒരേയൊരു കാര്യം, അതാണ് എന്റെ സ്വപ്നം, ഒരു സുവർണ്ണ സ്വപ്നം - സ്വതന്ത്ര ഭാരതത്തിനായുള്ള സ്വപ്നം.... ചിറ്റഗോംഗിലെ കിഴക്കൻ കലാപത്തിന്റെ ദിവസമായ 1930 ഏപ്രിൽ 18 ഒരിക്കലും മറക്കരുത്... ഭാരതത്തിന്റെ സ്വാതന്ത്ര്യ ബലിപീഠത്തിൽ ജീവൻ ബലിയർപ്പിച്ച ദേശസ്നേഹികളുടെ പേരുകൾ നിങ്ങളുടെ ഹൃദയത്തിൽ ചുവന്ന അക്ഷരങ്ങളിൽ എഴുതുക” വധശിക്ഷയ്ക്ക് മുമ്പ് വിപ്ലവകാരികൾക്ക് സെൻ എഴുതി അയച്ച കത്തിലെ വാചകങ്ങളാണ് ഇവ.

1934 ജനുവരി 12 ന് ബ്രിട്ടീഷുകാർ അദ്ദേഹത്തെ തൂക്കിലേറ്റി. സ്വജീവിതം ഭാരതമാതാവിന്റെ മോചനത്തിനായി അർപ്പണം നടത്തിയ സൂര്യ സെന്നിന്റെ ഓർമ്മകൾക്ക് ശതകോടി പ്രണാമങ്ങൾ.

# ഗോരക്നാഥ് ക്ഷേത്രം ആക്രമിച്ച സംഭവത്തിൽ കൂടുതൽ പേർ കസ്റ്റഡിയിൽ

**ലക്നൗ:** ഗോരക്നാഥ് ക്ഷേത്രം ആക്രമിച്ച സംഭവത്തിൽ കൂടുതൽ പേർ കസ്റ്റഡിയിൽ. എട്ട്പേരെ കൂടിയാണ് സംഭവവുമായി ബന്ധപ്പെട്ട് ഭീകര വിരുദ്ധ സ്‌ക്വാഡ് കസ്റ്റഡിയിൽ എടുത്തത്. ഇവരെ ചോദ്യം ചെയ്തു വരികയാണ്. എൻഐഎയോട് ആണ് ഭീകര വിരുദ്ധ സ്‌ക്വാഡ് ഇക്കാര്യങ്ങൾ അറിയിച്ചത്. സംഭവത്തിലെ പ്രതിയായ അഹമ്മദ് മുർത്താസ അബ്ബാസിയ്ക്ക് മാനസിക പ്രശ്നങ്ങൾ ഉള്ളതായി കുടുംബം ആരോപിച്ചിരുന്നു.



എന്നാൽ വൈദ്യപരിശോധനയിൽ യാതൊരു കുഴപ്പവും ഇല്ലെന്നും എൻഐഎയെ അറിയിച്ചു. കയ്യിലെ പരിക്ക് ഒഴിച്ചാൽ അബ്ബാസിയ്ക്ക് മറ്റ് പ്രശ്നങ്ങൾ ഇല്ല. കഴിഞ്ഞദിവസം അബ്ബാസിയെ വിശദ പരിശോധനയ്ക്കായി ഗോരക്പൂരിലെ സദാർ ആശുപത്രിയിൽ എത്തിച്ചിരുന്നു. ഇവിടെ നടത്തിയ പരിശോധനയിലാണ് മാനസിക പ്രശ്നങ്ങൾ ഇല്ലെന്ന് വ്യക്തമായത്. പിടികൂടാനുള്ള പോലീസിന്റെ ശ്രമത്തിനിടെ അബ്ബാസിയ്ക്ക് തലയ്ക്കും പരിക്കേറ്റിരുന്നു.

ഇതിന് പിന്നാലെ മക്റ മാനസിക പ്രശ്നങ്ങൾ ഉണ്ടെന്ന് ഭീകര വിരുദ്ധ സ്‌ക്വാഡിന്റെ ചോദ്യം ചെയ്യലിനിടെ അബ്ബാസിയുടെ പിതാവ് വ്യക്തമാക്കുകയും ചെയ്തിരുന്നു. ആരോഗ്യ പ്രശ്നങ്ങൾ ഇല്ലെന്ന് വ്യക്തമായതോടെ അബ്ബാസിയെ രക്ഷപ്പെടുത്താനുള്ള ശ്രമങ്ങൾ ആണ് കുടുംബവും രാജ്യവിരുദ്ധ ശക്തികളും ചേർന്ന് നടത്തുന്നത് എന്നാണ് ഇതോടെ വ്യക്തമാകുന്നത്. അതേസമയം ചോദ്യം ചെയ്യലിനിടെ അബ്ബാസി അന്വേഷണത്തെ സംഘത്തെ ആക്രമിച്ചു.

### മുതിർന്ന ഉദ്യോഗസ്ഥരോട് മോദി

# ഒരു രാത്രിയെങ്കിലും അതിർത്തി ഗ്രാമങ്ങളിൽ അന്തിയുറങ്ങു

**ന്യൂഡൽഹി:** അതിർത്തി ഗ്രാമങ്ങളിലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികളും സാമൂഹിക, സാമ്പത്തിക സാഹചര്യങ്ങളും വിലയിരുത്തുന്നതിന് ഒരു രാത്രിയെങ്കിലും മുതിർന്ന ഉദ്യോഗസ്ഥരെ ഗ്രാമങ്ങളിൽ നിയോഗിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആവശ്യപ്പെട്ടു. എല്ലാ മന്ത്രാലയങ്ങളും ഇക്കാര്യം ഉറപ്പുവരുത്തണം. ഈ മാസം ആദ്യവാരം പ്രധാനമന്ത്രി വൈബ്രന്റ് വില്ലേജസ് പ്രോഗ്രാം പ്രഖ്യാപിച്ചശേഷം അതിർത്തി ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിന് എല്ലാ മന്ത്രാലയങ്ങളുടെയും യോജിച്ചതും ഏകോപിതവുമായ പ്രവർത്തനത്തിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞിരുന്നു.

ബോർഡർ ഏരിയ ഡെവലപ്മെന്റ് പ്രോഗ്രാമിന് (ബി എഡിപി ) കീഴിൽ വരുന്ന അതിർത്തി ഗ്രാമങ്ങൾ സന്ദർശിക്കുന്നതിനും രാത്രി തങ്ങുന്നതിനുമായി ഉദ്യോഗസ്ഥരെ നിയോഗിക്കണമെന്ന് ആഭ്യന്തര സെക്രട്ടറി അജയ്ബല്ല കഴിഞ്ഞദിവസം മന്ത്രാലയങ്ങളോട് ആവശ്യപ്പെട്ടു. അതിർത്തി ഗ്രാമങ്ങളിലേക്ക്നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രതിമാസ ഏകീകൃത റിപ്പോർട്ട് എല്ലാ മാസവും 10-ാം തീയതിക്കകം ബോർഡർ മാനേജ്മെന്റ് വകുപ്പിന് സമർപ്പിക്കണമെന്ന് ആഭ്യന്തര സെക്രട്ടറി ഭല്ല നിർദ്ദേശിച്ചു. ഈ ഉദ്യോഗസ്ഥർ ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിനായി പ്രായോഗികമായി ചെയ്യാവുന്ന കാര്യങ്ങളെ സംബന്ധിച്ച് റിപ്പോർട്ട് നൽകും. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അടിസ്ഥാന സൗകര്യ വികസനം, സാമ്പത്തിക പ്രവർത്തനങ്ങളുടെ പ്രോത്സാഹനം, അതിർത്തി ഗ്രാമങ്ങളിലെ ഗ്രാമീണ ഉൽപന്നങ്ങളുടെ വിപണനത്തിന് സൗകര്യം എന്നിവയ്ക്കായി പദ്ധതികൾ ആവിഷ്കരിക്കും. അതിർത്തി ഗ്രാമങ്ങളെ സാമ്പത്തികമായി കൂടുതൽ ശക്തിപ്പെടുത്തുകയും പ്രതിരോധത്തിന്റെആദ്യ നിരയിൽ പങ്കാളിത്തം നൽകുന്ന തരത്തിൽ ആത്മവിശ്വാസം നൽകുകയുമാണ് അന്തർലീനമായ പദ്ധതി.

## ഗുജറാത്ത് സർക്കാരും ബുൾഡോസർ ശിക്ഷ നടപ്പാക്കി

**അഹമ്മദാബാദ്:** ഉത്തർപ്രദേശിനും മധ്യപ്രദേശിനും പിന്നാലെ ഖംഭാട്ടിൽ രാമനവമി ദിനത്തിൽ നടന്ന അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് ഗുജറാത്ത് സർക്കാരും ബുൾഡോസർ ശിക്ഷ നടപ്പാക്കുന്നു. ഖംഭട്ട് കലാപത്തിലെ പ്രതികളുടെ സ്വത്തുക്കൾ പൊളിക്കാൻ ഭൂപേന്ദ്ര ഭായ്പട്ടേലിന്റെ നേതൃത്വത്തിലുള്ള സർക്കാർ ഉത്തരവിട്ടു. കലാപകാരികളുടെ കടകളാണ് പ്രധാനമായും പൊളിക്കുക . ഏതാനും ദിവസങ്ങൾക്ക് മുമ്പ് മധ്യപ്രദേശിലെ ഖാർഗോണിൽ ഘോഷയാത്രയ്ക്ക് നേരെ അക്രമം അഴിച്ചുവിട്ട പ്രതികളുടെ കടകളും വീടുകളും അധികൃതർ തകർത്തിരുന്നു. ഇതിനെതിരെ പലരും രംഗത്ത് വന്നിരുന്നു. പല നേതാക്കളും ശിവരാജ്സിംഗ് ചൗഹാൻ സർക്കാർ ജഡ്ജിയും ജൂറിയും ആരാച്ചാരും ആയി പ്രവർത്തിക്കുന്നുവെന്നും ആരോപിച്ചു. രാമനവമി ഘോഷയാത്രയ്ക്കിടെയുണ്ടായ അക്രമം മുൻകൂട്ടി ആസൂത്രണം ചെയ്ത ഗൂഢാലോചനയാണെന്ന് ഖംഭാട്ട് അക്രമവുമായി ബന്ധപ്പെട്ട് ഗുജറാത്ത്പോലീസ് വ്യക്തമാക്കി. കല്ലെറിയാൻ വേണ്ടിയാണ് കുട്ടികളെ പുറത്തുനിന്ന് കൊണ്ടുവന്നതെന്നും അവരെ പോലീസ് പിടികൂടിയാൽ നിയമപരവും സാമ്പത്തികവുമായ എല്ലാ സഹായവും നൽകുമെന്ന് ഉറപ്പുനൽകി യിരുന്നതായും പോലീസ് പറഞ്ഞു. ശ്മശാനങ്ങളിൽ കല്ലുകൾ എളുപ്പത്തിൽ കണ്ടെത്താമെന്നതിനാൽ അവിടെ നിന്ന് കല്ലെറിയാൻ തീരുമാനിച്ചു. ഘോഷയാത്രയ്ക്കിടെ അക്രമത്തിലും കല്ലേറിലും പങ്കുണ്ടെന്ന് ആരോപിച്ച് ഒമ്പത്പേരെ അറസ്റ്റ്ചെയ്തിട്ടുണ്ട്. ഒരിക്കൽ രാമനവമി ഘോഷയാത്ര അക്രമിക്കുകയും, അതിൽ പങ്കെടുക്കുന്നവരെ ഭീഷണിപ്പെടുത്തുകയും ചെയ്താൽ, ഭാവിയിൽ അത്തരമൊരു മതപരമായ ഘോഷയാത്ര നടക്കില്ല എന്നതായിരുന്നു പ്രതികളുടെ ലക്ഷ്യം. ആനന്ദ് ജില്ലയിലെ പോലീസ് സൂപ്രണ്ട് അജിത്രാജിയൻ പറഞ്ഞു. രാമനവമി ഘോഷയാത്ര ആരംഭിക്കാൻ പോകുന്നു വെന്ന വാർത്ത പുറത്തു വന്നതിന് പിന്നാലെയാണ് പ്രതികൾ അക്രമം ആസൂത്രണം ചെയ്യാൻ തുടങ്ങിയതെന്നും ഘോഷയാത്രയ്ക്ക് പോലീസ് അനുമതി ലഭിച്ചതിന്ശേഷം കഴിഞ്ഞമൂന്ന് ദിവസത്തിനുള്ളിൽ മുഴുവൻ ഗൂഢാലോചനയും നടന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

# വർദ്ധമാന മഹാവീരൻ



ബീഹാറിലെ വൈശാലിക്കടുത്തുള്ള കുണ്ഡഗ്രാമത്തിലെ ഒരു ജൈന രാജകുടുംബത്തിൽ ബിസി 540ൽ വർദ്ധമാന മഹാവീരൻ ജനിച്ചു. പിതാവിന്റെ പേര് സിദ്ധാർത്ഥനെന്നും മാതാവിന്റെ പേര് ത്രിശാലാദേവി എന്നും ആയിരുന്നു. 23-മത്തെ ജൈന തീർത്ഥങ്കരനായിരുന്ന പാർശ്വനാഥന്റെ അടിയുറച്ച ഭക്തരായിരുന്നു അവർ. നന്ദിവർദ്ധനർ എന്നു പേരായ ഒരു ജ്യേഷ്ഠനും വർദ്ധമാനനുണ്ടായിരുന്നു. വർദ്ധമാനൻ എല്ലാ അർത്ഥത്തിലും ഒരു ആദർശ രാജകുമാരനായിരുന്നു. തികച്ചും നിർഭയനായ അദ്ദേഹത്തെ ആളുകൾ മഹാവീരനെന്നു വിളിച്ചു. പ്രകൃത്യാ ക്രുരസ്വഭാവികളായ ജന്തുക്കൾ പോലും അദ്ദേഹത്തിന്റെ മുമ്പിൽ ശാന്തഭാവം കൈക്കൊണ്ടു. എല്ലാ വിദ്യകളിലും അദ്ദേഹം അവഗാഹം നേടി. എന്നാൽ ഇവ കൊണ്ടൊന്നും അദ്ദേഹം സംതൃപ്തനായില്ല. എല്ലാ സദ്ഗുണങ്ങളുടെയും കേളീരംഗമായിരുന്ന അദ്ദേഹത്തിന്റെ മനസ്സിൽ അധ്യാത്മിവിചാരം ശക്തിപ്രാപിച്ചു.

30-ാം മത്തെ വയസ്സിൽ മാതാപിതാക്കളുടെ മരണത്തിനുശേഷം നന്ദിവർദ്ധനനെ രാജ്യഭാരമേല്പിച്ച് വൈശാഖശുക്ലദശമി നാളിൽ വർദ്ധമാനൻ തപസ്സു ചെയ്യുവാനായി പുറപ്പെട്ടു. വസ്ത്രങ്ങളും ആഭരണങ്ങളും എല്ലാം ഉപേക്ഷിച്ചു. സ്വന്തം തലമുടി സ്വയം പറിച്ചെടുത്തു. ഈ കർമ്മത്തിനു കേശലുഞ്ചനം എന്നാണു പറയുക. തപസ്സുചെയ്യുന്ന കാലത്ത് പ്രാണികളും മൃഗങ്ങളും അദ്ദേഹത്തെ പലപ്പോഴും ഉപദ്രവിച്ചു. സ്വജനങ്ങൾ പോലും ക്രൂരമായി പെരുമാറി. അവയെ എല്ലാം നിർവൈരഭാവത്തോടെ അദ്ദേഹം സഹിച്ചു.

ഒന്നിലും പ്രതികരിക്കാതെ അഹിംസാവ്രതം പാലിച്ചു. പന്ത്രണ്ടു വർഷത്തെ കഠിനതപസ്സിനു ശേഷം ഋജ്ജുവാലികാ നദിയുടെ തീരത്തുള്ള ഒരു സാലവൃക്ഷത്തിന്റെ ചുവട്ടിൽ ധ്യാനത്തിൽ മുഴുകിയിരുന്ന സമയത്ത് കേവലജ്ഞാനം എന്നറിയപ്പെടുന്ന ദിവ്യജ്ഞാനം അദ്ദേഹത്തിനു കരഗതമായി. അപ്പോൾ 42 വയസ്സായിരുന്നു പ്രായം. അങ്ങനെ വർദ്ധമാനമഹാവീരൻ ജൈനസമ്പ്രദായത്തിലെ 24-ാമത്തെ തീർത്ഥങ്കരനായിത്തീർന്നു. തന്റെ വ്യക്തി പരമായ മോക്ഷത്തിൽ തൃപ്തനാകാതെ തനിക്കു ചുറ്റുമുള്ള മനുഷ്യരാശിയെ ദുഖത്തിൽ നിന്നു രക്ഷിക്കുവാൻ സന്നദ്ധനായി. സമ്യഗ് ദർശനം. (സത്യത്തോടുള്ള ആദര ഭാവം) സമ്യഗ്ജ്ഞാനം (ശരിയായ അറിവ്), സമ്യഗ് ചാരിത്രം എന്നിവ മൂന്നുമാണ് നിർവ്വാണത്തിനുള്ള ഉപാധികൾ ഇവയെ ത്രിരത്നങ്ങൾ എന്നു പറയുന്നു. ഇവ ശരിയായി ആചരിക്കുവാൻ അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം അപരിഗ്രഹം എന്നീ പഞ്ചമഹാവ്രതങ്ങൾ അനുഷ്ഠിക്കണം. ത്രിരത്നങ്ങളുടെ ആചരണത്തിലൂടെ കർമ്മവാസനകൾ ക്ഷയിക്കുകയും ബന്ധനങ്ങളകന്ന് മോക്ഷം പ്രാപിക്കുകയും ചെയ്യും.

ചൈത്രശുക്ലത്രയോദശി (ചൈത്രമാസത്തിലെ വെളുത്തപക്ഷത്തിലെ ത്രയോദശി) ആണ് മഹാവീരജയന്തി, 72-ാ മത്തെ വയസ്സിൽ ദീപാവലി ദിനത്തിൽ ബീഹാറിലെ പാവാപുരിയിൽ വെച്ച് അദ്ദേഹം നിർവ്വാണം പ്രാപിച്ചു.



വൃത്താന്തം അയോദ്ധ്യാപ്രിന്റേഴ്സിൽ
അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നത്. (വ്യക്തിഗത ഉപയോഗത്തിനു മാത്രം)
മാധവനിവാസ്, എളമക്കര പി. ഒ., പേരണ്ടൂർ റോഡ് - കൊച്ചി-26 മൊബൈൽ - 9656195171

E-mail-vrithanthamkeralam@gmail.com